2023
OCTOBER
05
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഉജ്വല പദ്ധതിയിൽ പാചകവാതക സബ്സിഡി 100 രൂപ കൂട്ടി

## ഇനി സിലിണ്ടറിന് 600 രൂപ മാത്രം



**ന്യൂഡൽഹി:** ഉജ്വല പദ്ധതിയുടെ ഭാഗമായുള്ള പാചകവാതക ഉപഭോക്താക്കൾക്ക് അനുവദിച്ചിരുന്ന സബ്സിഡി 200ൽനിന്ന് 300 രൂപയാക്കാൻ കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതോടെ, രാജ്യത്തെ 10 കോടി ഉപഭോക്താക്കൾക്കു പാചകവാതക സിലിണ്ടറിന് 100 രൂപ കുറയും. കഴിഞ്ഞ ദിവസം വില കുറച്ചതുകൂടി പരിഗണിക്കുമ്പോൾ ഉജ്വല ഉപഭോക്താക്കൾക്ക് 600 രൂപ നിരക്കിലാകും സിലിണ്ടർ ലഭ്യമാകുക. പൊതുവിപണിയിൽ ഗാർഹികാവശ്യത്തിനുള്ള പാചകവാതക സിലിണ്ടറിന് 900 രൂപയാണ് വില.

ഇതിനു പുറമേ, തെലങ്കാനയിൽ കേന്ദ്ര ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനും തീരുമാനിച്ചു. ഇതിനായി 2009ലെ സെൻട്രൽ യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്യും. ഏതാണ്ട് 889 കോടി രൂപയാണ് ട്രൈബൽ യൂണിവേഴ്സിറ്റി യാഥാർഥ്യമാകാൻ ചെലവു പ്രതീക്ഷിക്കുന്നത്. ഗോത്ര ദേവതകളായ സമാക്ക, സറാക്ക എന്നിവരുടെ പേരിലാകും ഈ യൂണിവേഴ്സിറ്റി അറിയപ്പെടുക. നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുങ്ങുന്ന തെലങ്കാനയിൽ അതുകൂടി ഉന്നമിട്ടാണ് കേന്ദ്രസർക്കാർ നീക്കം.

ദേശീയ മഞ്ഞൾ ബോർഡ് രൂപീകരിക്കാനും കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. മഞ്ഞൾ കർഷകരെ സംബന്ധിച്ച് ഏറെ നിർണായകമായ നീക്കമാണിത്. ദേശീയ തലത്തിൽ മഞ്ഞളിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതിനൊപ്പം കയറ്റുമതി രംഗത്തും വൻ കുതിച്ചുചാട്ടത്തിനു വഴിയൊരുങ്ങും.



## രാജ്യത്ത് 5ജി ആരംഭിച്ചിട്ട് ഒരു വർഷം; ശരാശരി ഇന്റർനെറ്റ് വേഗത്തിൽ മൂന്നരയിരട്ടി വർധന

**ന്യൂഡൽഹി:** 5ജി ടെലികോം കവറേജ് ആരംഭിച്ച് ഒരു വർഷം തികയുമ്പോൾ രാജ്യത്തെ ശരാശരി ഇന്റർനെറ്റ് ഡൗൺലോഡ് വേഗത്തിൽ മൂന്നര മടങ്ങ് വർധന. വേഗം കണക്കാക്കുന്ന പോർട്ടലിന്റെ കണക്കനുസരിച്ച് രാജ്യത്തെ ശരാശരി ഇന്റർനെറ്റ് വേഗം സെക്കൻഡിൽ 13.87 എംബിയായിരുന്നത് 50.21 എംബിയായി. ഇന്റർനെറ്റ് വേഗവുമായി ബന്ധപ്പെട്ട പട്ടികയിൽ 119ാം സ്ഥാനത്തായിരുന്ന ഇന്ത്യ 47ാമതായി.

സമീപരാജ്യങ്ങളെ മാത്രമല്ല, ജി20 രാജ്യങ്ങളായ ബ്രിട്ടൻ (62), ജപ്പാൻ (58), തുർക്കി (68), മെക്സിക്കോ (90), ബ്രസീൽ (50), ദക്ഷിണാഫ്രിക്ക (48) എന്നിവയെയും ഇന്ത്യ മറികടന്നു. 5ജി ശൃംഖല മാത്രം പരിഗണിച്ചാൽ, കേരളമടക്കം 9 ടെലികോം സർക്കിളിൽ ശരാശരി വേഗം 100 എംബിപിഎസ് ആയിരുന്നത് ഇക്കഴിഞ്ഞ ഓഗസ്റ്റിൽ 240 എംബിപിഎസ് ആയി ഉയർന്നു. ജിയോ, എയർടെൽ എന്നിവ മാത്രമേ 5ജി സേവനം ലഭ്യമാക്കുന്നുള്ളൂ.

സ്മാർട്ഫോണുള്ള 10 പേരിൽ 2 പേർ അടുത്ത 6 മാസത്തിനുള്ളിൽ 5ജി ഫോണിലേക്കു മാറുമെന്ന് എറിക്സ്ൺ കമ്പനിയുടെ സർവേ റിപ്പോർട്ട്. 3.1 കോടി ആളുകൾ കൂടി 5ജി ഉപയോക്താക്കളായി മാറും. നിലവിൽ 10 കോടിയോളം പേർ രാജ്യത്ത് 5ജി ഉപയോഗിക്കുന്നുവെന്നാണ് അനൗദ്യോഗിക കണക്ക്. സർവേയിൽ പങ്കെടുത്തവരിൽ പകുതിപ്പേരും 20,000 രൂപയിൽ താഴെയുള്ള ഫോൺ വാങ്ങാനാണ് ആഗ്രഹിക്കുന്നത്.

16% മാത്രമാണ് 36,000 മുതൽ 90,000 വരെ വിലയുള്ള 5ജി ഫോൺ വാങ്ങാൻ താൽപര്യപ്പെടുന്നത്. നൂതനമായ 5ജി സേവനങ്ങൾ നൽകിയാൽ 14% അധികം തുക ഇന്റർനെറ്റ് ചാർജ് ആയി നൽകാൻ ഇന്ത്യക്കാർ തയാറാണെന്നും സർവേ റിപ്പോർട്ട് പറയുന്നു.

## ഓഹരി നിക്ഷേപകർ മരണപ്പെട്ടാൽ റിപ്പോർട്ട് ചെയ്യാൻ കേന്ദ്രീകൃത സംവിധാനം

**ന്യൂഡൽഹി:** ഓഹരിനിക്ഷേപകർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ ഇക്കാര്യം റിപ്പോർട്ട് ചെയ്യാനുള്ള കേന്ദ്രീകൃത സംവിധാനം 2024 ജനുവരി ഒന്നിനു പ്രാബല്യത്തിൽ വരും. ഇതുസംബന്ധിച്ച് ഓഹരിവിപണി നിയന്ത്രണ ഏജൻസിയായ സെബി ഉത്തരവിറക്കി. ഓഹരികൾ നോമിനിക്ക് കൈമാറുന്ന പ്രക്രിയ കൂടുതൽ സുഗമമാക്കാനാണ് സംവിധാനം.

ജോയിന്റ് അക്കൗണ്ട് ഹോൾഡർ, നോമിനി, കുടുംബാംഗങ്ങൾ തുടങ്ങിയവർക്ക് മരണം റിപ്പോർട്ട് ചെയ്യാം. മരണ സർട്ടിഫിക്കറ്റും മരിച്ച വ്യക്തിയുടെ പാനും സമർപ്പിക്കണം. ഇതിന്റെ പരിശോധന കഴിഞ്ഞാലുടൻ ഓഹരി അക്കൗണ്ടിലെ ഇടപാടുകൾ പൂർണമായും ബ്ലോക് ചെയ്യും. മരണം കഴിഞ്ഞ് 5 ദിവസത്തിനുള്ളിൽ ഓഹരികൾ കൈമാറുന്നത് സംബന്ധിച്ച നടപടികൾ നോമിനിയെ അറിയിക്കും.

## ഇന്ത്യയുടെ പ്രതീക്ഷിത ജിഡിപി 6.3%: ലോകബാങ്ക്

**ന്യൂഡൽഹി:**ആഗോള സാമ്പത്തിക മാന്ദ്യ സൂചനകൾക്കിടെയിലും ഇന്ത്യയുടെ സാമ്പത്തിക വർഷത്തിലെ പ്രതീക്ഷിത വളർച്ച നിരക്ക് 6.3ശതമാനമായി നിലനിർത്തി ലോകബാങ്ക്. അതേസമയം ആഗോള സാഹചര്യങ്ങൾ ഇന്ത്യയ്ക്കു വെല്ലുവിളി ഉയർത്തുമെന്നും ലോകബാങ്ക് മുന്നറിയിപ്പ് നൽകി. ആളുകളുടെ ചെലവഴിക്കൽ കൂടുന്നതും ഉയർന്ന സ്വകാര്യ നിക്ഷേപവുമാണ് രാജ്യത്തിന് അനുകൂലമായ ഘടകങ്ങൾ.

## രസതന്ത്ര നൊബേൽ 3 പേർക്ക്; പുരസ്കാരം നാനോടെക്നോളജിയിലെ ഗവേഷണത്തിന്

**സ്റ്റോക്കോം:** 2023ലെ രസതന്ത്ര നൊബേൽ സമ്മാനം മൂന്നുപേർക്ക്. മൗംഗി ജി. ബാവെൻഡി, ലൂയി ഇ. ബ്രസ്, അലക്സി ഐ. എക്കിമോവ് എന്നിവർക്കാണ് പുരസ്കാരം. നാനോടെക്നോളിയിലെ ഗവേഷണത്തിനാണ് ഇത്തവണത്തെ പുരസ്കാരം. ക്വാണ്ടം ഡോട്ട്, നാനോപാർട്ടിക്കിൾസ് എന്നിവയുടെ കണ്ടുപിടിത്തവും വികസനവുമാണ് മൂവരെയും പുരസ്കാരത്തിന് അർഹരാക്കിയത്. അലക്സി എക്കിമോവാണ് 1981ൽ ആദ്യമായി ക്വാണ്ടം ഡോട്ട്സ് എന്ന ആശയം ശാസ്ത്രലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നത്. അതീവ സൂക്ഷ്മമായ, നാനോ സെമികണ്ടക്റ്റർ പാർട്ടിക്കിളുകളാണ് ക്വാണ്ടം ഡോട്ട്സ്. കാഡ്മിയം സെലെനൈഡ്, ലെഡ് സൾഫൈഡ് തുടങ്ങിയവ കൊണ്ടാണ് ഇവ നിർമിക്കുക പതിവ്. വലുപ്പമനുസരിച്ച് വിവിധ നിറങ്ങളിൽ പ്രകാശം പുറത്തുവിടാനുള്ള കഴിവും ഇവയ്ക്കുണ്ട്. ട്യൂണബ്ൾ എമിഷൻ എന്ന ഈ കഴിവ് ഇലക്ട്രോണിക് ഉപകരണങ്ങളും ശസ്ത്രക്രിയ ഉപകരണങ്ങളിലും വരെ ഉപയോഗപ്പെടുത്തുന്നുണ്ട്.






## ഒക്ടോബർ 23 മുതൽ കൊച്ചി-ദോഹ നോൺ സ്റ്റോപ്പ് സർവീസ് പ്രഖ്യാപിച്ച് എയർ ഇന്ത്യ

**കൊച്ചി:** എയർ ഇന്ത്യ ഈ മാസം 23 മുതൽ കൊച്ചി- ദോഹ പ്രതിദിന സർവീസ് ആരംഭിക്കുന്നു.

കൊച്ചിയിൽ നിന്ന് പ്രാദേശിക സമയം 1.30ന് പുറപ്പെടുന്ന എഐ953 ദോഹയിൽ 3.45ന് എത്തിച്ചേരും. തിരിച്ചുള്ള യാത്രാവിമാനമായ എഐ954 ദോഹയിൽ നിന്ന് പ്രാദേശിക സമയം 4.45ന് പുറപ്പെട്ട് കൊച്ചിയിൽ പ്രാദേശിക സമയം 11.35ന് എത്തിച്ചേരും. ഏ320 നിയോ എയർക്രാഫ്റ്റ് യാത്രാ വിമാനത്തിൽ 162 സീറ്റുകളാണുള്ളത്. ഇക്കണോമിയിൽ 150 സീറ്റും ബിസിനസ് ക്ലാസിൽ 12 സീറ്റും.നിലവിൽ കൊച്ചിയിൽ നിന്ന് ദുബായിലേക്ക് എല്ലാ ദിവസവും നേരിട്ട് എയർ ഇന്ത്യ സർവീസ് നടത്തുന്നുണ്ട്. ഡൊമസ്റ്റിക്, ഇൻറർനാഷണൽ സെക്ടറുകളിൽ തങ്ങളുടെ സേവനം വിപുലപ്പെടുത്തുന്നതിൻറെ ഭാഗമായാണ് എയർ ഇന്ത്യ പുതിയ സർവീസ് തുടങ്ങിയിരിക്കുന്നത്.പുതിയ സർവീസ് ആരംഭിക്കുന്നതോടെ മിഡിൽ ഈസ്റ്റിലെ എയർ ഇന്ത്യയുടെ പ്രവർത്തനം കൂടുതൽ ശക്തമാകും.www.airindi-a.com എന്ന എയർ ഇന്ത്യയുടെ വെബ് സൈറ്റ്, മൊബൈൽ ആപ്പ്, ഓൺലൈൻ ട്രാവൽ ഏജൻസികൾ ഉൾപ്പെടെയുള്ള ട്രാവൽ ഏജൻറുമാർ എന്നീ മാർഗങ്ങളിലൂടെയെല്ലാം ഫ്ലൈറ്റ് ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു.

## സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തി

**കൊച്ചി:** ആസ്റ്റർ മെഡിസിറ്റിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.വെള്ളാങ്കല്ലൂർ, പൂമംഗലം, വേളൂക്കര ഗ്രാമപഞ്ചായത്ത് നിവാസികൾക്കും , യൂണിവേഴ്സൽ എഞ്ചിനീയറിങ് കോളേജ് വിദ്യാർത്ഥികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടിയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

ജനറൽ മെഡിസിൻ, ഇ.എൻ.ടി, ഗൈനക്കോളജി, കാർഡിയോളജി എന്നീവിഭാഗങ്ങളിൽ നൂറോളം രോഗികൾക്കു ചികിത്സ ലഭ്യമാക്കി . യൂണിവേഴ്സൽ എഡ്യൂക്കേഷണൽ ട്രസ്റ്റ് ,ചെയർമാൻ വി.കെ.ഷംസുദീന്റെ നേതൃത്വത്തിൽ സാമൂഹ്യ നന്മക്ക് ഉതകുന്ന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നതിന്റെ ഭാഗമായാണ് ഈ മെഡിക്കൽ ക്യാമ്പ് . ക്യാമ്പ് ബഹു. ജസ്റ്റീസ് പി. ഉബൈദ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ജോസ്.കെ. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു.. ആസ്റ്റർമെഡിസിറ്റി സീനിയർ എക്സിക്യൂട്ടീവ് കമ്മ്യൂണിറ്റി കണക്ട് പ്രവീൺ നാരായണൻ, ഡോ. ജോബിൻ. എം.വി, അനുപമ ജിനൻ, നന്ദു കൃഷ്ണ .കെ.എച്ച് എന്നിവർ പ്രസംഗിച്ചു. കോളേജ് എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി.

## വിപിഎസ് ലേക്ഷോർ 17 % ലാഭവിഹിതം നൽകും

**കൊച്ചി:** വിപിഎസ് ലേക്ഷോർ ഓഹരി ഉടമകൾക്ക് 17% ലാഭവിഹിതം നൽകുമെന്ന് ചെയർമാൻ ഷംഷീർ വയലിൽ അറിയിച്ചു. മാർച്ച് 31, 2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ വരുമാനത്തിൽ 17% വർദ്ധനയും ലാഭത്തിൽ 34% വർദ്ധനയും ഉണ്ടായി.

ചുരുങ്ങിയ ചികിത്സാചിലവിൽ ഉന്നതനിലവാരത്തിലുള്ള വൈദ്യ സഹായം നൽകിയതിന്റെ മികവിലാണ് അഭിമാനകരമായ ഈ നേട്ടമെന്ന് മാനേജ്മെന്റ് അഭിപ്രായപ്പെട്ടു. ഈ ഉയർച്ചയുടെ നേട്ടവും സന്തോഷവും ഓഹരി ഉടമകൾക്കും ശുശ്രൂഷ തേടുന്ന രോഗികൾക്കും ഒപ്പം പ്രവർത്തിച്ച ജീവനക്കാർക്കും പങ്കിട്ട് നൽകുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും വാർഷിക പൊതുയോഗത്തിൽ ചെയർമാൻ ഷംഷീർ വയലിൽ അറിയിച്ചു. അന്താരാഷ്ട്ര തലത്തിലുള്ള ചികിത്സയ്ക്ക് കൂടുതൽ മികവ് നൽകുന്നതിനായി നിലവിലെ സംവിധാനങ്ങളുടെ നവീകരണത്തിന് കൂടുതൽ പ്രാധാന്യം നൽകുമെന്നും മാനേജ്മെന്റ് അറിയിച്ചു.

# ഇലന്തൂരിൽ താഴയിൽ ഗ്രൂപ്പ് ഗാന്ധിസ്മൃതി സംഘടിപ്പിച്ചു




**ഇലന്തൂർ:** 1937 ജനുവരി 20ന് ഗാന്ധിജി സന്ദർശനം നടത്തിയ ഇലന്തൂരിൽ ഗാന്ധിജയന്തി ദിനത്തിൽ വിവിധ പരിപാടികളോടെ ഗാന്ധിസ്മൃതി സംഘടിപ്പിച്ചു.

ഇലന്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന താഴയിൽ ഗ്രൂപ്പ് സംഘടിപ്പിച്ച ദിവസം മുഴുവൻ നീണ്ടുനന്ന പരിപാടിയിൽ ഈ പ്രദേശത്തു നിന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഗാന്ധിയന്മാർ/ അവരുടെ കുടുംബാംഗങ്ങൾ, വിദ്യാഭ്യാസം, സിനിമ, മാനേജ്മെന്റ്, ശുചീകരണ മേഖലകളിൽ സമൂഹത്തിന് വലിയ സംഭാവനകൾ നൽകിയവർ തുടങ്ങി 15ഓളം പേരെ ആദരിച്ചു.ഇലന്തൂർ മാർ ത്തോമാ വലിയ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ താഴയിൽ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ ആമുഖ പ്രഭാഷണം നടത്തി. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമീസ് ഉദ്ഘാടനം ചെയ്തു. ഗാന്ധിയനും എഞ്ജിനീയറിംഗ് സർവകലാശാല മുൻ റിസർച്ച് ഗൈഡും തുരുത്തിക്കാട് ബിഎഎം കോളേജ് മുൻ പ്രിൻസിപ്പലുമായ ഡോ. ജോസ് പാറക്കടവിൽ ഗാന്ധി സ്മൃതി പ്രഭാഷണം നടത്തി. പ്രമുഖ ഗാന്ധിയനും ഗാന്ധിജിയെ ഇലന്തൂരിലേയ്ക്ക് ക്ഷണിച്ചു വരുത്തിയ ആളുമായ കുമാർജിയുടെ (കെ കുമാർ) മകൻ ഭദ്രകുമാർ, വനജാക്ഷിയമ്മ, ഖദർ ദാസ് ടി പി ഗോപാലപിള്ളയുടെ മകൾ ലീലാഭായി, മീനാക്ഷിയമ്മയുടെ മകൻ സുധീർ കുമാർ, പ്രൊഫ. ഡോ. ജോസ് പാറക്കടവിൽ എന്നിവരെയും മാനേജ്മെന്റ് രംഗത്തെ ലീഡർഷിപ്പ് മികവിന് താഴയിൽ ഗ്രൂപ്പ് ജനറൽ മാനേജർ തമ്പി എം മത്തായിയേയും ഈ വരുന്ന ഓസ്കർ അവാർഡുകളിൽ ഇന്ത്യയിൽ നിന്നുള്ള ഏക നോമിനേഷനായ 2018ന്റെ സംവിധായകൻ ജൂഡ് ആന്റണി ജോസഫ്, സിനിമാതാരം അജു വർഗീസ്,എംജി യൂണിവേഴ്സിറ്റി എംകോം അഞ്ചാം റാങ്ക് ജേതാവ് ജൂവെലിൻ, അയിരൂർ വലിയകുന്നം സെന്റ് മേരീസ് വിഎച്ച്എസ്എസിൽ നിന്ന് പ്ലസ് ടു സയൻസിൽ ഉന്നത വിജയം നേടിയ സാന്ദ്ര സജി, പത്താം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള എൻഡോവ്മെന്റിന് അർഹ രായ വിഎച്ച്എസ്എസ് ഇലന്തൂരിലെ അമല ഉദയൻ, കാരംവേലി എസ്എൻഡിപി എച്ച്എസ്എസിലെ സ്നേഹ വി എസ് എന്നിവർ, ആശാ വർക്കർമാരായ മണി സി പി, ശ്രീകല, ഹരിതസേനാംഗങ്ങളായ മിനി തോമസ്, അഞ്ജു വിശ്വനാഥ് എന്നിവരെ ചടങ്ങിൽ ആദരിച്ചു.കുമാർജിയുടെ മകൻ ഭദ്രകുമാർ, താഴയിൽ ഗ്രൂപ്പ് എംഡി ജിനോയ് ജോൺ, ഡയറക്ടർ പ്രൊഫ. കോശി തോമസ്, ജനറൽ മാനേജർ തമ്പി എം മത്തായി എന്നിവർ പ്രസംഗിച്ചു.ഉച്ചയ്ക്കു ശേഷം നടന്ന സമ്മേളനത്തിൽ റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ അനുഗ്രഹ പ്രഭാഷണം നടത്തി.

ഗാന്ധിയനായിരുന്ന പുളിന്തിട്ട പി സി ജോർജിന്റെ കുടുംബാംഗമായ റവ. പി എ ഏബ്രാഹാമിനെ ആദരിച്ചു. താഴയിൽ ഗ്രൂപ്പ് സ്റ്റാഫംഗങ്ങൾ അവതരിപ്പിച്ച പ്രത്യേക ഗാന്ധിജയന്തി ദിന കലാപരിപാടികളും അരങ്ങേറി.

# തിമിംഗലം കരയ്ക്കടിയൽ: കടൽസസ്തനികളെ അറിയാൻ സിഎംഎഫ്ആർഐയുടെ സമുദ്ര ദൗത്യം



**കൊച്ചി:** തിമിംഗലങ്ങൾ കരയ്ക്കടിയുന്നത് കൂടിവരുന്ന പശ്ചാത്തലത്തിൽ, ഇന്ത്യൻതീരത്തെ കടൽ സസ്തനികളുടെ ശാസ്ത്രീയ വിവരശേഖരണത്തിനുള്ള 100ദിവസ സമുദ്രഗവേഷണ ദൗത്യത്തിന് തുടക്കം. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും (സിഎംഎഫ്ആർഐ) കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിലുള്ള ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെയും സംയുക്ത ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് സമുദ്ര ദൗത്യം.

കൊച്ചിയിൽ നിന്നും യാത്രതിരിച്ച സംഘം തീരത്ത് നിന്നും 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള മേഖലയാണ് സർവേ നടത്തുന്നത്.വിവിധയിനം തിമിംഗലങ്ങൾ, ഡോൾഫിനുകൾ, കടൽപശു തുടങ്ങിയ കടൽസസ്തനികളുടെ ലഭ്യതയും അംഗസംഖ്യയും തിട്ടപ്പെടുത്താനും അവയുടെ ആവാസകേന്ദ്രങ്ങളിലെ സമുദ്രശാസ്ത്ര പ്രത്യേകതകൾ മനസ്സിലാക്കാനുമാണ് ദൗത്യം. തിമിംഗലങ്ങൾ ചത്തു കരയ്ക്കടിയുന്നത് കൂടുവരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനും ലക്ഷ്യമുണ്ട്.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് കടലിലുണ്ടാകുന്ന മാറ്റങ്ങൾ ഇതിന് കാരണമാകുന്നുണ്ടോയെന്ന് പഠിക്കും. ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണെന്ന് ഈ ഗവേഷണപദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ഡോ ആർ രതീഷ്കുമാർ പറഞ്ഞു. സിഎംഎഫ്ആർഐയുടെ സമുദ്രദൗത്യം ഈ പഠനത്തിന് മുതൽക്കൂട്ടാകും. പ്രതികൂല കാലാവസ്ഥയും അടിക്കടിയുള്ള ചുഴലിക്കാറ്റുകളും അതിനെ തുടർന്നുള്ള കടൽക്ഷോഭങ്ങളും കടൽസസ്തനികളെ ഏതൊക്കെ രീതിയിൽ ബാധിക്കുന്നുണ്ടെന്ന് ശാസ്ത്രീയ വിവരശേഖരണത്തിലൂടെ വിലയിരുത്താനാകും. സമുദ്രാന്തർഭാഗത്തുണ്ടാകുന്ന ശബ്ദമലിനീകരണവും കപ്പലുകളുമായുള്ള കൂട്ടിയിടിയും ബൈകാച്ചായി പിടിക്കപ്പെടുന്നതും തിമിംഗലം, ഡോൾഫിൻ പോലുള്ളവയ്ക്ക് ഭീഷണിയാകുന്നുണ്ട്. 12 നോട്ടിക്കൽപരിധിക്കുള്ളിലാണ് സർവേ. സസ്തനികളുടെ സാന്നിധ്യം ബൈനോകുലർ ഉപയോഗിച്ച് തിരിച്ചറിയുകയും അവിടെയെത്തി അനുബന്ധ വിവരങ്ങൾ ശേഖരിക്കുകയുമാണ് ചെയ്യുന്നത്.2021ലാണ് ആദ്യമായി സിഎംഎഫ്ആർഐ കടൽസസ്തനികളുടെ വിവരശേഖരണത്തിനുള്ള ഗവേഷണ ദൗത്യത്തിന് തുടക്കമിട്ടത്. ആദ്യഘട്ടത്തിൽ വിവിധയിനം തിമിംഗലങ്ങൾ, ഡോൾഫിനുകൾ ഉൾപ്പെടെ 16 ഇനം കടൽസസ്തനികളുടെ സാന്നിധ്യം ഇന്ത്യൻ തീരങ്ങളിൽ നിന്ന് സിഎംഎഫ്ആർഐ രേഖപ്പെടുത്തുകയുണ്ടായി. ചെറിയ ഇടവേളക്ക് ശേഷം 2023ൽ പദ്ധതി പുനരാരംഭിക്കുകയും ചെയ്തു.

# സ്ത്രീകളിൽ ജീവിതശൈലിയിലെ മാറ്റങ്ങൾ മൂലം ഹൃദ്രോഗ സാധ്യത വർധിക്കുന്നു



**ഡോ. ചൈതന്യ**
സീനിയർ സ്പെഷ്യലിസ്റ്റ്
കാർഡിയോളജി, ആസ്റ്റർ മിംസ്,
കോഴിക്കോട്.

പുരുഷൻമാരെ അപേക്ഷിച്ചു സ്ത്രീകളിൽ ഹൃദ്രോഗങ്ങൾ കുറവാണ്. എന്നാൽ പുരുഷന്മാരെ മാത്രം ബാധിക്കുന്ന അസുഖമാണോ ഹൃദ്രോഗം? അല്ലേയല്ല. ഹൃദയാഘാതവും മറ്റ് കാർഡിയോ വാസ്കുലാർ രോഗങ്ങളും സ്ത്രീകളിലും കണ്ടുവരുന്നുണ്ട്. സ്ത്രികളെ ബാധിക്കുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ മിക്കതും മരണത്തിലേക്ക് നയിക്കുന്നുണ്ട്. കേരളത്തിൽ, കൊറോണറി ആർട്ടറി ഡിസീസ് (സി എ ഡി) മരണങ്ങളിൽ 40% സ്ത്രീകളിൽ 65 വയസ്സിന് മുമ്പാണ് സംഭവിക്കുന്നത്, പുരുഷന്മാരിൽ ഇത് 60% ആണ് എന്നുമാത്രം.ഹൃദ്രോഗത്തിനു കാരണമായി പറയുന്ന പുകവലി, ഉയർന്ന രക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾനില , പ്രമേഹം, അമിതവണ്ണം, ജോലിയിലെ സമ്മർദ്ദം എന്നിവ പുരുഷന്മാരിലായിരുന്നതിനാലാണ് സ്ത്രീകൾക്ക് ഹൃദ്രോഗ സാധ്യത കുറവാണെന്ന ചിന്തയുണ്ടാകാൻ കാരണമായത്. എന്നാൽ മാറിയ കാലഘട്ടത്തിൽ പുരുഷമാരോടൊപ്പംതന്നെ സ്ത്രീകളും ജീവിതശൈലീരോഗങ്ങൾക്കു അടിമപ്പെട്ടു തുടങ്ങിയിരിക്കുന്നു. ചികിത്സക്കായി കൂടുതൽ സ്ത്രീകൾ എത്തുന്നത് അതിനു തെളിവിലേക്കാണ് വിരൽചൂണ്ടുന്നത്. ഹൃദ്രോഗസാധ്യത കൂടിയതിനാൽ സ്ത്രീകൾ സ്വന്തം ആരോഗ്യ കാര്യങ്ങളിൽ നിഷ്കർഷത പുലർത്താൻ തുടങ്ങിയിട്ടുണ്ട്. ഹൃദയാരോഗ്യ പരിശോധന കുറവായതിനാൽ മിക്കപ്പോഴും സ്ത്രീകളിൽ വളരെ വൈകിയാണ് ഹൃദയ സംബന്ധമായ രോഗങ്ങൾ കണ്ടെത്തുന്നത്. അതിനാൽ തന്നെ ഗുരുതരമായ ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റവും വൈകിയായിരിക്കും സ്ത്രീകളിൽ കണ്ടുപിടിക്കുക. അതുകൊണ്ടുതന്നെ സ്ത്രീകളിൽ ഹാർട്ട് അറ്റാക്ക് ഉണ്ടായാൽ രക്ഷപെടാനുള്ള സാധ്യത കുറവാണ്. ഹൃദയത്തിൻറേയും രക്തവാഹിനിക്കുഴലുകളുടേയും വലിപ്പം വളരെ കുറഞ്ഞിരിക്കുന്നതാണ് മറ്റൊരു കാരണമായി ചൂണ്ടിക്കാട്ടുന്നത്. ഒരു ഹാർട്ട് അറ്റാക്കിനെ നേരിട്ട സ്ത്രീകൾക്ക് അടുത്ത അറ്റാക്കിനെ നേരിടാനുള്ള ക്ഷമത വളരെ കുറവായിരിക്കും. ആദ്യ അറ്റാക്കിനെ അതിജീവിച്ച 40 വയസ്സായവരോ അല്ലെങ്കിൽ അതിലും കൂടുതൽ പ്രായമുള്ളവരോ ആയ സ്ത്രീകളിൽ 43 ശതമാനവും 5 വർഷത്തിനുള്ളിൽ അടുത്ത അറ്റാക്കിനോ ഹൃദയ സംബന്ധമായ മറ്റ് അസുഖങ്ങൾക്കോ ഇരയാവുന്നുണ്ട്.



**ഹൃദയ സംരക്ഷണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, പാരമ്പര്യം, പ്രായം തുടങ്ങിയ കാര്യങ്ങളാണ് സ്ത്രീകളിലെ ഹൃദ്രോഗസാധ്യത വർദ്ധിപ്പിക്കുന്നത്. ഇത് കൂടാതെ ആർത്തവവിരാമവും ഗർഭനിരോധന ഗുളികകളുടെ അമിത ഉപയോഗവും സ്ത്രീകളിൽ ഹൃദയ സംബന്ധമായ രോഗങ്ങളുണ്ടാക്കാനുള്ള സാധ്യത ഏറെയാണ്. ഇനി പറയുന്ന കാര്യങ്ങൾ ഹൃദ്രോഗത്തിലേക്കു നയിക്കുന്നു.

**ഉയർന്ന കൊളസ്ട്രോൾ നില**

രക്തത്തിൽ കൊളസ്ട്രോളിൻറെ അളവ് കൂടുന്നതാണ് ഹൃദ്രോഗത്തിനുള്ള പ്രധാന കാരണം. രക്തത്തിലെ അധിക കൊളസ്ട്രോൾ ധമനികളുടെ ഉള്ളിലുള്ള പാളിയിൽ അടിഞ്ഞുകൂടി ഹൃദയത്തിലേക്കുള്ള രക്തയോട്ടം തടസ്സപ്പെടുത്തുന്നു. 55 കഴിഞ്ഞ സ്ത്രീകളിൽ പുരുഷനെ അപേക്ഷിച്ച് കൊളസ്ട്രോൾ നില ഉയരാനുള്ള സാധ്യതയേറെയാണെന്നാണ് പഠനങ്ങൾ പറയുന്നത്. എൽഡിഎൽ കൊളസ്ട്രോൾ (ചീത്ത കൊളസ്ട്രോൾ) കാരണമാണ് ഹൃദ്രോഗം ഉണ്ടാവുന്നത്. എന്നാൽ എച്ച്ഡിഎൽ (വശ ഴവ റലിശ്യേ ഹശുീ ുൃീലേശി) കൊളസ്ട്രോൾ (നല്ല കൊളസ്ട്രോൾ) ഹൃദ്രോഗസാധ്യതയെ കുറയ്ക്കുന്നു.

**ഉയർന്ന രക്തസമ്മർദ്ദം**

ഹൈപ്പർ ടെൻഷൻ അഥവാ ഉയർന്ന രക്തസമ്മർദ്ദമാണ് ഹൃദ്രോഗമുണ്ടാകാനുള്ള ഒരു കാരണം. അമിത ശരീരഭാരമുള്ള സ്ത്രീകളിൽ അല്ലെങ്കിൽ കുടുംബത്തിൽ ആർക്കെങ്കിലും രക്തസമ്മർദ്ദം ഉണ്ടെങ്കിൽ, ഗർഭിണികൾ, ചില പ്രത്യേക ഗർഭനിരോധന ഗുളിക ഉപയോഗിക്കുന്നവർ, ആർത്തവവിരാമത്തിനോടടുത്തവർ എന്നിവരെല്ലാം ഉയർന്ന രക്തസമ്മർദ്ദത്തിന് ഇരയാകാൻ സാധ്യതയുള്ളവരാണ്.

**വ്യായാമമില്ലായ്മ**

ആക്റ്റീവായീരിക്കുകയെന്നതാണ് മികച്ച ആരോഗ്യത്തിൻറെ രഹസ്യം. ഇത് ഹൃദയാരോഗ്യത്തിന് നല്ലതുമാണ്. ശാരീരികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അപേക്ഷിച്ച് വ്യായാമത്തിലൊന്നും ഏർപ്പെടാത്തവരിലാണ് ഏറ്റവും കൂടുതൽ ഹൃദ്രോഗസാധ്യത കണ്ടുവരുന്നത്. അതുകൊണ്ടാണ് അമിത ഭാരമുള്ളവരിൽ ഉയർന്ന രക്തസമ്മർദ്ദവും കൊളസ്ട്രോളും പ്രമേഹവും ഹൃദ്രോഗസാധ്യതയുമുണ്ടാകുന്നത്.

**കേരളത്തിൽ, കൊറോണറി ആർട്ടറി ഡിസീസ് (സി എ ഡി) മരണങ്ങളിൽ 40% സ്ത്രീകളിൽ 65 വയസ്സിന് മുമ്പാണ് സംഭവിക്കുന്നത്, പുരുഷന്മാരിൽ ഇത് 60% ആണ് എന്നുമാത്രം. ഹൃദ്രോഗത്തിനു കാരണമായി പറയുന്ന പുകവലി, ഉയർന്ന രക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾനില , പ്രമേഹം, അമിതവണ്ണം, ജോലിയിലെ സമ്മർദ്ദം എന്നിവ പുരുഷന്മാരിലായിരുന്നതിനാലാണ് സ്ത്രീകൾക്ക് ഹൃദ്രോഗ സാധ്യത കുറവാണെന്ന ചിന്തയുണ്ടാകാൻ കാരണമായത്.**

**പ്രമേഹം**

പ്രമേഹരോഗികൾക്ക് ഹൃദ്രോഗ സാധ്യത കൂടുതലാണ്. പുരുഷന്മാരെ അപേക്ഷിച്ച് പ്രമേഹരോഗികളായ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. രക്തത്തിലെ ഷുഗർ നില അമിതമാകുന്നതോടെ ധമനികൾ ചുരുങ്ങി ഹൃദ്രോഗ സാധ്യത കൂടുന്നു. പ്രമേഹരോഗികളായ സ്ത്രീകളിൽ ആർത്തവ വിരാമം നേരത്തേ സംഭവിക്കുന്നതിനാൽ അതും രോഗത്തിലേയ്ക്ക് നയിക്കും.

**അമിത ഉത്ക്കണ്ഠ**

ജീവിതശൈലിയുലുണ്ടായ മാറ്റങ്ങൾ സ്ത്രീകളിൽ ഉത്ക്കണ്ഠയും, പിരിമുറുക്കവും ഉണ്ടാക്കുന്നു. അതുകൊണ്ടാണ് ഉദ്യോഗസ്ഥകൾക്ക് വീട്ടമ്മമാരേക്കാൾ ഹൃദ്രോഗസാധ്യത കൂടുതലാണെന്ന് പറയുന്നത്. കൂടുതൽ സ്ട്രെസ്സുള്ള ജോലിയും ഉത്തരവാദിത്തവും ഹൃദ്രോഗസാധ്യത പതിന്മടങ്ങ് വർദ്ധിപ്പിക്കും. മാത്രമല്ല അതിരു കടന്ന സ്ട്രെസ്സ് രക്തസമ്മർദ്ദം അമിതമാകുന്നതിന് കാരണമാവുകയും ചെയ്യും.

ഹൃദ്രോഗങ്ങൾ

സ്ത്രീകളിലും പുരുഷന്മാരിലും പലതരം ഹൃദ്രോഗങ്ങൾ ഉണ്ടാകാറുണ്ട്. അവയിൽ പ്രധാന രോഗങ്ങൾ താഴെപ്പറയുന്നു.

**കൊറോണറി ആർട്ടറി ഡിസീസ്**

ഹൃദയത്തിലെ പേശികൾക്ക് ആവശ്യമായ അളവിൽ രക്തവും ഓക്സിജനും ലഭിക്കാത്തതുമൂലമാണ് ഇതുണ്ടാവുന്നത്. ഹൃദയത്തിൽ രക്തമെത്തിക്കുന്ന ധമനികളുടെ ആന്തരികപാളികളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പാണ് (കൊളസ്ട്രോൾ) ഇതിന് കാരണം. അതിൻറെ ഫലമായി ധമനികൾ സങ്കോചിക്കുന്നു. കൊറോണറി ആർട്ടറി രോഗം മൂലം നെഞ്ചിൽ കടുത്ത വേദനയോ ഹാർട്ട് അറ്റാക്കോ ഉണ്ടാവാം.

വാൽവുലാർ ഹാർട്ട് ഡിസീസ്

ഹൃദയ വാൽവുകൾ രോഗബാധിതമാണെങ്കിൽ, ഹൃദയത്തിന് ശരീരത്തിലുടനീളം ഫലപ്രദമായി രക്തം പമ്പ് ചെയ്യാൻ കഴിയില്ല, കൂടാതെ രക്തം പമ്പ് ചെയ്യാൻ കഠിനമായി പരിശ്രമിക്കേണ്ടിവരും. ഇത് പെട്ടെന്നുള്ള ഹൃദയസ്തംഭനത്തിനു (ഹൃദയമിടിപ്പ് നിലക്കുക) കാരണമാകും. നേരത്തെ കണ്ടെത്തിയാൽ വാൽവ് മാറ്റിവെക്കലിലൂടെ ഭേദമാക്കാവുന്നതാണ്.

**കൺജസ്റ്റീവ് ഹാർട്ട് ഫെയിലർ**

ഹൃദയത്തിന് ആവശ്യമായത്ര രക്തം വേഗത്തിൽ പമ്പ് ചെയ്യാൻ കഴിയാതെ വരുമ്പോൾ ഉണ്ടാകുന്ന ഗുരുതരമായ, ദീർഘകാല അവസ്ഥയാണ് കൺജസ്റ്റീവ് ഹാർട്ട് ഫെയിലർ (ഇഎ). ഹൃദയത്തിന് ആവശ്യമായ രക്തത്തിന്റെ അളവ് കൈകാര്യം ചെയ്യാൻ കഴിയാത്തതിനാൽ, ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിൽ രക്തം അടിഞ്ഞു കൂടുന്നു.

**ഹൃദയാഘാത ലക്ഷണങ്ങൾ**

പുരുഷന്മാരിലേതിനേക്കാൾ തികച്ചും വ്യത്യസ്തമാണ് സ്ത്രീകളിലെ ഹൃദയഘാത ലക്ഷണങ്ങൾ. എങ്കിലും ചില ലക്ഷണങ്ങൾ പുരുഷന്മാരിലും സ്ത്രീകളിലും പൊതുവായി കാണാം. നെഞ്ചിൽ കടുത്ത വേദനയോ സമ്മർദ്ദമോ ഉണ്ടാവുക. ശ്വാസം മുട്ടൽ, വിയർക്കൽ, ചുമൽ, കഴുത്ത്, തുടങ്ങി കൈകളിലേക്കു വരെ വേദന പടരുക. കടുത്തക്ഷീണം അല്ലെങ്കിൽ കുറച്ചു നേരത്തേക്ക് ബോധം മറയുക.ദഹനമില്ലായ്മ അല്ലെങ്കിൽ ഗ്യാസിൻറേതു പോലെയുള്ള വേദന.

**ഹൃദയാരോഗ്യ പരിശോധന**

ചില രക്തപരിശോധനയിലൂടെയും, ഹൃദയത്തിൻറെ സ്കാൻ പരിശോധന (എക്കോ) യിലൂടെയും ഇപ്പോഴത്തെ അവസ്ഥ മനസിലാക്കാം. ജീവിതശൈലീ നിയന്ത്രത്തിലൂടെയും വ്യായാമം, ഭക്ഷണ ക്രമീകരണം എന്നിവയിലൂടെയും ഹൃദയാരോഗ്യം നിലനിർത്താവുന്നതാണ്. സ്ത്രീകൾ മുൻകൈയെടുത്താൽ കുടുംബത്തിൽ എല്ലാവർക്കും ഹൃദയാരോഗ്യം ഉറപ്പുവരുത്താൻ സാധിക്കും.

# മതിലുകളുടെ സ്ഥാനത്ത് ജൈവ വേലികൾ തിരിച്ചു കൊണ്ടുവരണം

**കൊച്ചി:** ലോകത്ത് മറ്റെങ്ങുമില്ലാത്ത തരം മതിലുകളാണ് കേരളത്തിലുള്ളതെന്നും അയ്യായിരം കിലോമീറ്ററെങ്കിലും നീളത്തിൽ ഇവിടെ മതിലുകളുണ്ടെന്നും അവയുടെ സ്ഥാനത്ത് ഭാഗികമായെങ്കിലും നമ്മുടെ പഴയ ജൈവവേലികളെ തിരിച്ചു കൊണ്ടുവരണമെന്നും അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽകുമാർ വി. പറഞ്ഞു.

ആഗോള പരിസ്ഥിതി, ജല, പാർപ്പിടദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്ക്വയർ ഫീറ്റ് (ബിഎസ്എഫ്) പ്രഭാഷണപരമ്പരയിലെ 26മത് പ്രഭാഷണ പരിപാടിയിയിലെ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു സുനിൽകുമാർ. വെള്ളരിയും പാവലും കോവലും പൂത്തും കായ്ച്ചും കിടന്നിരുന്നതും വണ്ടുകളും ശലഭങ്ങളും വിരുന്നെത്തിയിരുന്നതുമായ ജൈവവ്യൂഹമായിരുന്നു നമ്മുടെ വേലിപ്പടർപ്പുകൾ. അതിനടിയിലൂടെ പൂച്ചകളും നായ്ക്കളും കോഴികളുമെല്ലാം നൂണ്ടു വന്നു. എന്നാൽ മുറ്റത്തെ അവസാനത്തെ തുണ്ടു ഭൂമി കൂടി ടൈലിട്ടു മറച്ച് ചുറ്റും മതിൽ കെട്ടി വരിയുമ്പോൾ എന്താണ് മതിലുകെട്ടി അകത്താക്കുന്നത്, പുറത്താക്കുന്നത് എന്ന റോബർട്ട് ഫ്രോസ്റ്റിന്റെ ചോദ്യം പ്രസക്തമാണെന്നും സുനിൽ കുമാർ പറഞ്ഞു. രണ്ടും മൂന്നും സെന്റ് ഭൂമികളിൽപ്പോലും ഇന്ന് ആളുകൾ മതിലു കെട്ടുന്നു. വീടുപണി ആരംഭിക്കും മുമ്പു തന്നെ മതിലു കെട്ടുന്നു. പണ്ട് കൊട്ടാരത്തിലും ജയിലിലും മാത്രമേ




മതിലുണ്ടായിരുന്നുള്ളു. നിലവിലുള്ള മതിലുകളുടെപോലും ഒരു തട്ടെങ്കിലും പഴയ മാതൃകയിലുള്ള വേലികളാക്കുന്നതിലൂടെ അതിർത്തിയിലെ ജൈവികത തിരിച്ചു കൊണ്ടുവരാനാകുമെന്നും അദ്ദേഹം പറഞ്ഞു.ഭൂമിയുടെ 30% മാത്രം വരുന്ന കരപ്രദേശത്തിൽ 2% മാത്രമേ താമസയോഗ്യമായുള്ളുവെന്ന് മുഖ്യപ്രഭാഷണം നിർവഹിച്ച പ്രമുഖ ആർക്കിടെക്റ്റും രാജ്യത്തെ ആദ്യ പത്ത് ആർക്കിടെക്റ്റുകളിൽ ഒരാളായി ആർക്കിടെക്റ്റ് ആൻഡ് ഇന്റീരിയേഴ്സ് ഇന്ത്യാ മാഗസിൻ തെരഞ്ഞെടുത്ത ആളുമായ ഇന്ദ്രജിത് കെംഭാവി പറഞ്ഞു. ഇതിനു തന്നെ മനുഷ്യർ വേണ്ടത്ര കേടുപാടുകൾ വരുത്തിവെയ്ക്കുന്നു.

പരിസ്ഥിതി മലിനീകരണം ഏറ്റവുമധികം ഉണ്ടാക്കിയിട്ടുള്ളത് പാശ്ചാത്യരാജ്യങ്ങളാണ്. ഇന്ത്യയുടെ പരമ്പരാഗത നിർമാണരീതികൾ പലതും പരിസ്ഥിതിയെ കണക്കിലെടുക്കുന്നതുമാണ്. അതുകൊണ്ട് പാശ്ചാത്യരിൽ നിന്ന് കെട്ടിടങ്ങൾക്കുള്ള ഗ്രീൻ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ ഇപ്പോൾ നമ്മൾ കൈനീട്ടുന്നത് വിരോധാഭാസമാണ്. സുനിൽകുമാർ പറഞ്ഞതുപോലെ സുസ്ഥിരമായ മൈക്രോഎൻവയോൺമെന്റ് ശീലങ്ങളാണ് നമുക്കു വേണ്ടത്. ഞങ്ങൾ നിർമിച്ച പല ബഹുനില കെട്ടിടങ്ങളിലും ചുറ്റും മിയാവാക്കി നഗരവനങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ട്. നിർമാണത്തിലുപയോഗിക്കുന്ന മെറ്റീരിയലുകളുടെ സുസ്ഥിരതയും പ്രാദേശികതയും ഇതുപോലെ തന്നെ പ്രധാനമാണ്, അദ്ദേഹം പറഞ്ഞു. ഗ്ലാസ് ഏറ്റവും പരിസ്ഥിതിസൗഹാർദമായ നിർമാണവസ്തുവായാണ് താൻ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. വലിയ പാർപ്പിടപദ്ധതികളിൽ വൻതോതിൽ ഗ്ലാസ് ഉപയോഗപ്പെടുത്തണം. ജനാലകൾ ഉണ്ടാക്കുന്നത് അടച്ചിടാനായിരിക്കരുത്. അടഞ്ഞ മുറികളിലെ ശക്തമായ വെളിച്ചത്തിനു കീഴിൽ ചിക്കൻ ഫാമുകളിലേതു പോലെയാണ് ഇക്കാലത്തെ പല ഓഫീസുകളും പ്രവർത്തിക്കുന്നത്. സാധ്യമാകുമ്പോഴെല്ലാം വെളിച്ചവും വായവും കടന്നു വരാൻ അനുവദിക്കണം. എയർ കണ്ടീഷനിലൂള്ള അമിതമായ ആശ്രയത്വം വിന്റ് കാച്ചിംഗ് തുടങ്ങിയ മാർഗങ്ങളിലൂടെ കുറച്ചു കൊണ്ടു വരണം. 50 ഡിഗ്രി ചൂടുള്ള ഇടങ്ങളിൽപ്പോലും തങ്ങൾ നിർമിച്ച കെട്ടിടങ്ങളിൽ എസി ഇല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രാദേശിക സംസ്കാരം പ്രധാനമാണ്. പാരമ്പര്യത്തെ അപ്പടി പകർത്തുകയല്ല പരീക്ഷണങ്ങളോടെ ആധുനിക സന്ദർഭങ്ങൾക്ക് അനുയോജ്യമാക്കുകയാണ് വേണ്ടത്. പുതിയ സാങ്കേതികവിദ്യകളേയും ഉപയോഗപ്പെടുത്തണം. പാർപ്പിട നിർമാണം സാന്ദർഭികമായി പ്രസക്തമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കെംഭാവി മുഖ്യ ആർക്കിടെക്റ്റായ ബംഗളൂരുവിലെ കെംബാവി ആർക്കിടെക്ചർ ഫൗണ്ടേഷനെ രാജ്യത്തെ ആദ്യ മുപ്പത് പ്രമുഖ വാസ്തുശിൽപ്പ സ്ഥാപനങ്ങളിലൊന്നായി ഫോബ്സ് മാഗസിൻ തെരഞ്ഞെടുത്തിരുന്നു.

# വി മാക്സ് ഫാമിലി പോസ്റ്റ്പെയ്ഡ് പ്ലാനുകളിൽ ഡാറ്റ ഷെയറിങ് അവതരിപ്പിച്ചു

**കൊച്ചി:** വി മാക്സ് പോസ്റ്റ് പെയ്ഡ് ഉപയോക്താക്കൾക്ക് അവരുടെ ഇഷ്ടാനുസൃത ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചോയ്സ് ഫീച്ചറുകൾക്ക് ശേഷം, വി മാക്സ് ഫാമിലി പോസ്റ്റ് പെയ്ഡ് പ്ലാനുകളിൽ ഡാറ്റ ഷെയറിങ്ങും രാത്രിയിൽ പരിധിയില്ലാത്ത ഡാറ്റയും അവതരിപ്പിച്ചു.

ഇതിലൂടെ വി മാക്സ് ഫാമിലി പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾക്കായി കൂടുതൽ ഡാറ്റാ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.വി മാക്സ് ഫാമിലി പോസ്റ്റ് പെയ്ഡ് പ്ലാൻ ഉപയോക്താക്കൾക്ക് മികച്ച ഡാറ്റാ ആനുകൂല്യങ്ങൾ ലഭ്യമാക്കികൊണ്ട് ഉപയോക്താക്കൾക്ക് അവരുടെ തിരഞ്ഞെടുത്ത പ്ലാനുകളിൽ 10ജിബി മുതൽ 25ജിബി വരെയുള്ള അധിക ഡാറ്റാ ലഭിക്കുന്ന ഡാറ്റ ഷെയറിങ് വി അവതരിപ്പിച്ചു. ഫാമിലി പ്ലാനിലെ പ്രൈമറി, സെക്കണ്ടറി അംഗങ്ങൾക്ക് അധിക ഡാറ്റ ക്വാട്ട പങ്കിടാനും ഇതിലൂടെ സാധിക്കും. വി മാക്സ് ഫാമിലി പോസ്റ്റ് പെയ്ഡ് പ്ലാനുകളിൽ രാത്രിയിൽ സമയ പരിധിയില്ലാത്ത ഡാറ്റ ആനുകൂല്യങ്ങളും വി ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൂടെ രാത്രി 12 മുതൽ 6 വരെ അൺലിമിറ്റഡ് ഡാറ്റ ലഭിക്കുന്നു. വി മാക്സിൻറെ 601 രൂപ ഫാമിലി പ്ലാനിൽ 2 കണക്ഷനുകൾക്കൊപ്പം മൊത്തം 120ജിബി ഡാറ്റ ക്വാട്ട ലഭിക്കുന്നു. കൂടാതെ 1001 രൂപയുടെയും 1151 രൂപയുടെയും വി മാക്സ് ഫാമിലി പ്ലാനുകളിൽ യഥാക്രമം 4 കണക്ഷനുകളുള്ള 280ജിബി ഡാറ്റ ക്വാട്ടയും 5 കണക്ഷനുകളിൽ 325ജിബി ഡാറ്റയും ലഭിക്കുന്നു. വി ഗെയിംസ്, വി മ്യൂസിക്, വി ജോബ്സ് & എഡ്യുക്കേഷൻ, വി മൂവീസ് & ടിവി എന്നിവയുൾപ്പെടെയുള്ള മറ്റ് മൂല്യവർദ്ധിത ആനുകൂല്യങ്ങളും എല്ലാ വി മാക്സ് പോസ്റ്റ് പെയ്ഡ് പ്ലാനുകളിലും ലഭ്യമാണെന്നും കമ്പനി അധികൃതർ അറിയിച്ചു.

## ആൾട്ടർനേറ്റീവ്സ് ഏകാംഗ ചിത്രപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന പ്രമോദ് പ്രസാദിന്റെ ഏകാംഗ ചിത്രപ്രദർശനം ആൾട്ടർനേറ്റീവ്സ് 2023 ഒക്ടോബർ 5 ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ അക്കാദമി ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 202223ലെ

സമകാലിക ഏകാംഗ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനം ത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 5 ന് വൈകുന്നേരം 4 മണിക്ക് അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് നിർവ്വഹിക്കും. ചടങ്ങിൽ മുഖ്യാതിഥികളായി സമകാലീന കലാകാരൻ ഷിബു

നടേശൻ, അക്കാദമി നിർവ്വാഹകസമിതി അംഗവും തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിലെ കലാചരിത്ര അധ്യാപികയുമായ പ്രീതി ജോസഫ് എന്നിവർ പങ്കെടുക്കും വിവിഷ്വിജയനാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.പ്രദർശനം ഒക്ടോബർ 13ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽവൈകുന്നേരം 6.30 വരെയാണ്.

## ഇൻഡീ ; ബാങ്കിംഗ് ആപ്പ് അവതരിപ്പിച്ച് ഇൻഡസ്ഇൻഡ് ബാങ്ക്

**കൊച്ചി:** ഇൻഡസ്ഇൻഡ് ബാങ്ക് ഉപഭോക്താക്കൾക്ക് തങ്ങളുടെ വ്യക്തിഗത താൽപര്യങ്ങൾക്ക് അനുസരിച്ചു ക്രമീകരിക്കാവുന്ന ഡിജിറ്റൽ ബാങ്കിങ് ആപ്പ് ആയ ഇൻഡീ അവതരിപ്പിച്ചു. തൽക്ഷണ ക്രെഡിറ്റുകൾ, നിക്ഷേപങ്ങളിൽ 7.85 ശതമാനം വരെ വരുമാനം, തങ്ങളുടേതായ റിവാർഡ് പദ്ധതി തയ്യാറാക്കുവാനും തെരഞ്ഞെടുക്കുവാനുമുള്ള അവസരം ഇതിലുണ്ടെന്ന് ഇൻഡസ്ഇൻഡ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇയുമായ സുമന്ത് കത്പാലിയ പറഞ്ഞു.

ഉൽപന്ന കേന്ദ്രീകൃതം എന്നതിൽ നിന്നു മാറി ഉപഭോക്തൃ കേന്ദ്രീകൃതമാണെന്ന സവിശേഷതയും ഇതിനുണ്ട്. നമ്പറില്ലാത്ത ഡെബിറ്റ് കാർഡുകൾ, ഒറ്റത്തവണ ഉപയോഗത്തിനുള്ള വിർചൽ കാർഡ്, ഡൈനാമിക് എടിഎം പിൻ, സൂപ്പർ ഒടിപി തുടങ്ങിയവയും ഇതിലുണ്ട്. സോഫ്റ്റ് ലോഞ്ചിനെ തുടർന്ന് മൂന്നു ലക്ഷത്തിലേറെ ഉപഭോക്താക്കളിൽ നിന്ന് ആവേശകരമായ പ്രതികരണമാണ് ഇൻഡി ആപ്പിനു ലഭിച്ചിട്ടുള്ളത്. എല്ലാ ഡിജിറ്റൽ സാമ്പത്തിക സേവനങ്ങളും ഒരിടത്തു ലഭ്യമാക്കുന്നതാണ് ഈ ഹൈപ്പർ പേഴ്സണലൈസ്ഡ് സൂപ്പർ ആപ്പെന്ന് സുമന്ത് കത്പാലിയ പറഞ്ഞു. ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന പ്രതീക്ഷകൾ കണക്കിലെടുത്ത് നിലവിലെ അവരുടെ ആവശ്യങ്ങൾക്കുതകുന്ന രീതിയിലാണ് ഇൻഡി തയ്യാറാക്കിയിരിക്കുന്നതെന്ന് ഇൻഡസ്ഇൻഡ് ബാങ്ക് ഡിജിറ്റൽ ബാങ്കിങ് ആന്റ് സ്ട്രാറ്റജി (എക്സിസ്റ്റിങ് ബിസിനസ്) മേധാവി ചാരു സച്ദേവ മാത്തൂർ പറഞ്ഞു.

## സൂപ്പർ ഡ്രൈയുമായി സംയുക്ത സംരംഭകരാറിൽ ഒപ്പുവച്ച് റിലയൻസ്

**കൊച്ചി/ മുംബൈ,:** റിലയൻസ് ബ്രാൻഡ്സ് യുകെ ആസ്ഥാനമായുള്ള സൂപ്പർ ഡ്രൈ യുമായി സംയുക്ത സംരംഭത്തിനായുള്ള കരാറിൽ ഒപ്പുവച്ചു. റിലയൻസ് ബ്രാൻഡ്സിന്റെ ഉടമസ്ഥതയിലുള്ള റിലയൻസ് ബ്രാൻഡ്സ് യുകെയിലൂടെയാണ് സൂപ്പർ ഡ്രൈയുമായുള്ള സംയുക്ത സംരംഭത്തിനുള്ള കരാർ.

ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ് പ്രദേശങ്ങളിൽ സൂപ്പർ ഡ്രൈയുടെ ബൗദ്ധിക സ്വത്തവകാശം സംയുക്ത സംരംഭമായ സ്ഥാപനം ഏറ്റെടുക്കും. റിലയൻസ് ബ്രാൻഡ്സ് യുകെ, സൂപ്പർ ഡ്രൈഎന്നിവയ്ക്ക് യഥാക്രമം 76%, 24% ഓഹരികൾ ഈ സംരംഭത്തിൽ ഉണ്ടായിരിക്കും. റിലയൻസ് ബ്രാൻഡ്സ് വാങ്ങുന്ന ഓഹരികളുടെ വില കണക്കാക്കുന്നത് ഏകദേശം 40 മില്യൺ പൗണ്ട്സ് ആണെന്ന് റിലയൻസ് അധികൃതർ അറിയിച്ചു.2012ൽ റിലയൻസ് ബ്രാൻഡ്സ് സൂപ്പർ ഡ്രൈയുമായി ദീർഘകാല ഫ്രാഞ്ചൈസി കരാർ ഒപ്പിടുകയും ബ്രാൻഡ് ഇന്ത്യയിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു.സൂപ്പർ ഡ്രൈയുടെ ബ്രിട്ടീഷ് പൈതൃകം, അമേരിക്കൻ സ്റ്റൈലിംഗ്, ജാപ്പനീസ് ഗ്രാഫിക്സ് എന്നിവയുടെ അതുല്യമായ സംയോജനം യുവ ഇന്ത്യൻ ഉപഭോക്താക്കൾക്കിടയിൽ ഇടം നേടിയിട്ടുണ്ടെന്നും റിലയൻസ് അധികൃതർ അറിയിച്ചു.50 നഗരങ്ങളിലായി 200 വിൽപ്പന കേന്ദ്രങ്ങളിലേക്ക് ബ്രാൻഡ് അതിവേഗം വികസിച്ചു. ഇകൊമേഴ്സിലൂടെ 2,300 ഇന്ത്യൻ നഗരങ്ങൾക്കപ്പുറത്തേക്ക് ബ്രാൻഡിന്റെ വളർച്ച തുടരുന്നതിലൂടെ ആഗോളതലത്തിൽ ബ്രാൻഡിന്റെ ഏറ്റവും വലിയ ഫ്രാഞ്ചൈസി ശൃംഖലയായി റിലയൻസ് ബ്രാൻഡ്സ് നയിക്കുന്ന ഇന്ത്യയിലെ പ്രവർത്തനങ്ങളെ അടിവരയിടുന്നു.

സൂപ്പർ ഡ്രൈയുടെ ഉത്പന്നങ്ങളിൽ ഷൂകളും ആക്സസറികളും പോലെയുള്ള വിഭാഗങ്ങൾക്കൊപ്പം, പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള ടിഷർട്ടുകൾ, ഷർട്ടുകൾ എന്നിവ ഉൾപ്പെടുന്നുവെന്നും റിലയൻസ് അധികൃതർ അറിയിച്ചു.

# കൊച്ചിയിൽ ഇസെഡ്സെർവ് സർവീസുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് തങ്ങളുടെ അംഗീകൃത ഡീലർഷിപ്പുകളിലൂടെ ഇസെഡ്സെർവ് സർവീസ് കൊച്ചിയിൽ അവതരിപ്പിച്ചു. ഇരുചക്രവാഹന അധിഷ്ഠിത സേവനമാണിത്. ഉപഭോക്താവിന് ആവാശ്യമുള്ള സ്ഥലത്ത്, സമയത്ത് അറ്റകുറ്റപ്പണികളടക്കമുള്ള അടിയന്തര സേവനങ്ങൾ ഇതുവഴി പ്രയോജനപ്പെടുത്താമെന്ന് കമ്പനി അധികൃതർ അറിയിച്ചു.. ടാറ്റ മോട്ടോഴ്സിന്റെ ഔദ്യോഗിക ഡീലറായ ഗോകുലം മോട്ടോഴ്സ് ഇതിനോടകം ഇസെഡ്സെർവ് സർവീസ് കൊച്ചിയിൽ ആരംഭിച്ചിട്ടുണ്ട്. റണ്ണിംഗ് അറ്റകുറ്റപ്പണികൾ, ഔട്ട്സ്റ്റേഷൻ ചെക്ക്അപ്പ് ക്യാമ്പുകൾ, ബ്രേക്ക്ഡൗൺ, വെഹിക്കിൾ സൈനിറ്റൈസേഷൻ, ഫോം വാഷ് അടക്കമുള്ള സേവനങ്ങൾ ഇസെഡ്സെർവ്ലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകും. 2023 ഏപ്രിലിൽ ആരംഭിച്ചതു മുതൽ 900 ലധികം അപഭോക്താക്കളാണ് പുതിയ സൗകര്യം പ്രയോജനപ്പെടുത്തിയത്. ഇത് കൊച്ചിയിലെ ആകെ ഉപഭോക്തൃ സേവനത്തിന്റെ ഒൻപത് ശതമാനത്തോളം വരും. ഓരോ ഇസെഡ്സെർവ് യൂണിറ്റിലും വാഹനങ്ങളിലെ സർവീസ്, റിപ്പയർ ജോലികൾ എന്നിവയ്ക്ക് ആവശ്യമായ പ്രത്യേക സാധനങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര കിറ്റ് സജ്ജീകരിച്ചിരിക്കുന്നു. ഈ യൂണിറ്റിൽ ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഞ്ജ) കൊണ്ട് നിർമ്മിച്ച മൂന്ന് യൂട്ടിലിറ്റി ബോക്സുകൾ ബൈക്കിന്റെ പിൻഭാഗത്ത് ഘടിപ്പിച്ചിരിക്കുന്നു. ഈ ബോക്സുകളിൽ സ്പെയർ പാർട്സ്, ഫ്രഷ് ലൂബുകൾ, മറ്റ് ഉപഭോഗ വസ്തുക്കൾ, ഒരു വാക്വം ക്ലീനർ, ഒരു ഇക്കോ വാഷ് കിറ്റ്, ഒരു ജാക്ക് സ്റ്റാൻഡ്, വിവിധ ഹാൻഡ് ടൂളുകൾ എന്നിവയും കിറ്റിൽ ഉൾപ്പെടുന്നു.




ടാറ്റ മോട്ടോഴ്സിന്റെ ഡീലർഷിപ്പുകൾ അവരുടെ ഇൻഹൗസ് ടെക്നീഷ്യൻമാർക്ക് ഇതിനായി പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. അവരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഡയഗ്നോസിസ് എക്സ്പെർട്ട് ടെക്നീഷ്യൻമാരിൽ നിന്നും (ഡിഇടി) നിന്നും അവരുടെ സോഫ്റ്റ് സ്കിൽ മെച്ചപ്പെടുത്തുന്നതിന് കസ്റ്റമർ റിലേഷൻസ് മാനേജർമാരിൽ നിന്നും (സിആർഎം) പരിശീലനം നേടുന്നു. ഉദ്യോഗാർത്ഥികളുടെ നൈപുണ്യ മാട്രിക്സ് അടിസ്ഥാനമാക്കിയാണ് പരിശീലന കോഴ്സിന്റെ ദൈർഘ്യവും ഉള്ളടക്കവും നിർണ്ണയിക്കുന്നത്. ഒരു സീനിയർ ടെക്നീഷ്യനായിരിക്കും ഇസെഡ് സെർവ് ബൈക്ക് കൈകാര്യം ചെയ്യുന്നത്. ഇതിന് ഒരു സീനിയർ അഡ്വൈസറിന്റെയും കസ്റ്റമർ റിലേഷൻസ് മാനേജരുടെയും പിന്തുണയും ലഭിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

FEDERAL BANK
YOUR PERFECT BANKING PARTNER

# വനിതകൾക്ക് സൗജന്യ തയ്യൽ, സംരംഭകത്വ പരിശീലനവുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ (ഇടഞ്ഞ) ഭാഗമായി വനിതകൾക്ക് തയ്യൽ, സംരഭകത്വ പരിശീലനം സംഘടിപ്പിക്കുന്നു. മൂന്നര മാസം നീണ്ടു നിൽക്കുന്ന പ്രത്യേക കോഴ്സിന് തെരഞ്ഞെടുത്ത 30 പേർക്കാണ് അവസരം.

18നും 40നുമിടയിൽ വയസ്സുള്ള, വാർഷിക വരുമാനം അഞ്ചു ലക്ഷം കവിയാത്ത വനിതകൾക്ക് അപേക്ഷിക്കാം.അങ്കമാലിയിലെ ഡി പോൾ ക്യാമ്പസിൽ ഫെഡറൽ സ്കിൽ അക്കാഡമി ആണ് പരീശീലന കോഴ്സ് സംഘടിപ്പിക്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സെക്ടർ സ്കിൽ കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ലഭിക്കും. എങ്ങനെ സ്വയം സംരംഭം തുടങ്ങാം, സാമ്പത്തികം കൈകാര്യം ചെയ്യേണ്ട രീതികൾ, വിപണനം എന്നിവയിലും പരിശീലനം ലഭിക്കും. അപേക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9895756390 എന്ന നമ്പരിൽ രാവിലെ പത്തിനും വൈകീട്ട് നാലിനുമിടയിൽ വിളിക്കുകയോ വാട്സാപ്പിൽ ബന്ധപ്പെടുകയോ ചെയ്യാം.

# ഐടെൽ എസ്23+ സ്മാർട്ട് ഫോൺ പുറത്തിറക്കി

**കൊച്ചി:** എസ്23+ അവതരിപ്പിച്ചുകൊണ്ട് പതിനയ്യായിരം രൂപം താഴെ വിലയുള്ള സ്മാർട്ട്ഫോൺ വിഭാഗത്തിലേക്കും ഐടെൽ തുടക്കം കുറിച്ചു. ഈ സെഗ്മെന്റിലെ ആദ്യ 3ഡി കേർവ്ഡ് അമോലെഡ് ഡിസ്പ്ലേ സ്മാർട്ട്ഫോണാണ് ഐടെൽ എസ്23+. ബാങ്ക് ഓഫറുകൾക്കൊപ്പം 12,999 രൂപയാണ് പുതിയ മോഡലിന്റെ വിലയെന്നും ഐടെൽ ഇന്ത്യയുടെ സിഇഒ അരിജീത് തലപത്ര പറഞ്ഞു



.ഇൻഡിസ്പ്ലേ ഫിംഗർപ്രിന്റ് സെൻസറും ഈ വില ശ്രേണിയിൽ എസ്23+ന്റെ സവിശേഷതയാണ്. എലമെന്റൽ ബ്ലൂ, ലേക്ക് സിയാൻ നിറങ്ങളിൽ വരുന്ന പുതിയ ഫോൺ ഒക്ടോബർ 6 മുതൽ ആമസോൺ ഇന്ത്യയിൽ മാത്രമായി വിൽപന ആരംഭിക്കും. ലോഞ്ച് ഓഫറെന്ന നിലയിൽ 2399 രൂപ വിലയുള്ള ഐടെൽ ടി11 ഇയർബഡും എസ്23+നൊപ്പം സൗജന്യമായി ലഭിക്കും.

ഒക്ടോബർ അവസാന വാരമായിരിക്കും റീട്ടെയിൽ വിൽപന ആരംഭിക്കുകയെന്നും അരിജീത് തലപത്ര പറഞ്ഞു.240 ഹേർട്സ് ടച്ച് സാംപ്ലിങ് നിരക്ക് നൽകുന്നതാണ് ഫോണിലെ ശ്രദ്ധേയമായ 6.78 ഇഞ്ച് എഫ്എച്ച്ഡി പ്ലസ് 3ഡി കേർവ്ഡ് അമോലെഡ് ഡിസ്പ്ലേ. സാധാരണ ഗ്ലാസ് സ്ക്രീനുകളേക്കാൾ നാലു മടങ്ങ് കൂടുതൽ പ്രതിരോധവും ഈ ഡിസ്പ്ലേ ഉറപ്പുനൽകുന്നു. 256ജിബി+16ജിബി സ്റ്റോറേജ് ഓപ്ഷനിൽ എത്തുന്ന ഫോണിന് വെറും 180 ഗ്രാം മാത്രമാണ് ഭാരം. 7.9 മി.മീറ്റർ മാത്രം കനമുള്ള ബോഡി കൈകാര്യം ചെയ്യൽ എളുപ്പമാക്കുകയും ചെയ്യും. ഈ സെഗ്മന്റിൽ ആദ്യമായി 32 മെഗാപിക്സൽ അൾട്രാ ക്ലിയർ ഫ്രണ്ട് ക്യാമറ, ശക്തമായ 50 മെഗാപിക്സൽ റിയർ ക്യാമറ, ഇൻകമിങ് കോളുകൾ, റിമൈൻഡറുകൾ, ബാറ്ററി സ്റ്റാറ്റസ് എന്നിവയ്ക്കായുള്ള നോട്ടിഫിക്കേഷനുകൾ പരിശോധിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്ന ഡൈനാമിക് ഐലൻഡ്, 4ജി+ ടെക്നോളജി തുടങ്ങിയ പ്രീമിയം ഫീച്ചറുകൾ ഫോണിലുണ്ട്. 5000 എംഎഎച്ച് ബാറ്ററി, ആൻഡ്രോയിഡ് 13 ടി ഓപറേറ്റിങ് സിസ്റ്റം, 100 ദിവസത്തെ സ്ക്രീൻ റീപ്ലേസ്മെന്റ്, സമഗ്രമായ 2 വർഷ വാറന്റി എന്നിവയാണ് മറ്റു സവിശേഷതകൾ. പതിനയ്യായിരം രൂപ വില താഴെയുള്ള സെഗ്മെന്റ് സ്മാർട്ട്ഫോൺ വിപണിയുടെ ഗണ്യമായ 50% വിഹിതത്തെ പ്രതിനിധീകരിക്കുന്നുണ്ടെന്നും, ഐടെൽ എസ്23+ അവതരിപ്പിക്കുന്നതോടെ, തകർപ്പൻ ഫീച്ചറുകളോടെ ഈ സെഗ്മെന്റിനെ തങ്ങൾ പുനർനിർവചിക്കുകയാണെന്നുംഅരിജീത് തലപത്ര പറഞ്ഞു.

# ഐകസ്റ്റ് എന്റർപ്രൈസസ് വിയട്രിസിന്റെ ഇന്ത്യൻ എപിഐ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു

**കൊച്ചി:** ആഗോള ഫാർമസ്യൂട്ടിക്കൽ മേഖലയിലെ പ്രമുഖരായ വിയാട്രിസിന്റെ ഇന്ത്യൻ എപിഐ (ആക്ടീവ് ഫാർമസ്യൂട്ടിക്കൽ ഇൻഗ്രേഡിയൻറ്) പ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി ഐകസ്റ്റ് എൻറർപ്രൈസസ് കരാറിൽ ഏർപ്പെട്ടു.

ആഗോള മൽസരാധിഷ്ഠിത ബിഡിനെ തുടർന്ന് ഐകസ്റ്റ് പ്രിഫേർഡ് ഇൻവെസ്റ്റർ എന്ന നില കൈവരിച്ചിട്ടുണ്ട്.വിശാഖപട്ടണത്തും ഹൈദരാബാദിലുമുള്ള മൂന്ന് വീതം നിർമാണ ശാലകളടങ്ങിയ ആറു വൻകിട എപിഐ നിർമാണ സംവിധാനങ്ങളും ഹൈദരാബാദിലുള്ള ഗവേഷണവികസന കേന്ദ്രവും തേർഡ് പാർട്ടി എപിഐ സെയിൽസും അടങ്ങുന്നതാണ് വിയാട്രിസിൻറെ ഇന്ത്യൻ എപിഐ പ്രവർത്തനങ്ങൾ.2006ൽ മൈലാൻ ആയി മാറിയ മാട്രിക്സ് ലാബ്സിൻറെ ഭാഗമായി ഇതു പ്രവർത്തിക്കുമ്പോൾ നിലവിലുള്ള പ്രവർത്തനങ്ങളിൽ ചിലതിൽ ഐകസ്റ്റ് എൻറർപ്രൈസസ് ടീമിൻറെ ഗണ്യമായ ഭാഗത്തിൻറെ പങ്കാളിത്തമുണ്ടായിരുന്നു. പിന്നീട് 2020ൽ മൈലാൻ മറ്റൊരു സ്ഥാപനവുമായി ലയിച്ച് വിയാട്രിസ് എന്നു പുനർനാമകരണം ചെയ്യപ്പെട്ടു. 17 വർഷത്തിനു ശേഷം നിമ്മഗഡ്ഡ പ്രസാദിൻറെ ഫാർമ വ്യവസായത്തിലേക്കുള്ള മടങ്ങി വരവു കൂടിയാണ് ഈ ഏറ്റെടുക്കൽ രേഖപ്പെടുത്തുന്നത്.

ഫാർമസ്യൂട്ടിക്കൽ മേഖലയിലെ തങ്ങളുടെ ഇതുവരെയുള്ള ഏറ്റവും വലിയ നിക്ഷേപത്തിൻറെ കാര്യത്തിൽ തങ്ങൾ ഏറെ ആവേശഭരിതരാണെന്ന് ഐകസ്റ്റ് എൻറർപ്രൈസസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗുണുപതി സ്വാതി റെഡ്ഡി പറഞ്ഞു. ആഗോള ഫാർമ വ്യവസായത്തിൽ ഇന്ത്യ വൻ ശ്രദ്ധ പിടിച്ചു പറ്റിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് തങ്ങളുടെ ഈ നിക്ഷേപവും എത്തുന്നത്. കഴിഞ്ഞ രണ്ട് ദശകങ്ങളായി ഈ യാത്രയുടെ ഭാഗമായ ഞങ്ങളിൽ ചിലർക്ക് ഇത് ഒന്നിലധികം തരത്തിൽ സന്തോഷകരമായ തിരിച്ചുവരവ് കൂടിയാണെന്നും ഗുണുപതി സ്വാതി റെഡ്ഢി പറഞ്ഞു.

# സിബിഎസ്ഇ സഹോദയ ജില്ല കലോത്സവം ഏഴിന്

**കൊച്ചി:** സി ബി എസ് ഇ കൊച്ചി സഹോദയ ജില്ല കലോത്സവത്തിന്റെ ആദ്യ ഘട്ടമായി സ്റ്റേജിതര മത്സരങ്ങൾ തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിൽ ഈ മാസം ഏഴിന് രാവിലെ 8.30മുതൽ നടക്കും. 75 ഇനങ്ങളിലായി 1900 വിദ്യാർത്ഥികൾ പങ്കെടുക്കും. 35 വേദികളിലായി ആദ്യഘട്ട കലോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയാ യി. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക്, സംസ്കൃതം ഭാഷകളിൽ പ്രസംഗം, പദ്യപാരായണം മത്സരങ്ങൾ നടക്കും. രചനാ വിഭാഗത്തിൽ കഥ, കവിത, ഉപന്യാസം തുടങ്ങിയവയിലും ചിത്രകലയിൽ വാട്ടർ കളർ, ഓയിൽ, ക്രയോൺസ് പെയിന്റിംഗ് വിഭാഗങ്ങളിലും പെൻസിൽ ഡ്രോയിംഗ് കൊളാഷ്, കാർട്ടൂൺ, പോസ്റ്റർ ഡിസൈനിംഗ് ആങ്കറിംഗ്, പവർ പോയിന്റ് പ്രസന്റേഷൻ, ഡിജിറ്റൽ പെയിന്റിംഗ് എന്നിവയും മത്സരയിനങ്ങളിൽ ഉൾപ്പെടുന്നു.

# ഹാർലിഡേവിഡ്സൺ എക്സ് 440 ഒക്ടോബർ 15ന് വിപണിയിലേക്ക്



**കൊച്ചി:** ലോകത്തെ ഏറ്റവും വലിയ മോട്ടോർ സൈക്കിൾ, സ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ് ഹാർലി ഡേവിഡ്സണുമായി ചേർന്ന് ആദ്യമായി വികസിപ്പിച്ചെടുത്ത പ്രീമിയം മോട്ടോർ സൈക്കിളായ ഹാർലിഡേവിഡ്സൺ എക്സ് 440 ഒക്ടോബർ 15ന് വിപണിയിലേക്ക്.

ഡെനിം, വിവിഡ്, എസ് എന്നിങ്ങനെ മൂന്ന് വേരിയന്റുകളിലലാണ് ഹാർലിഡേവിഡ്സൺ എക്സ് 440 ഉപഭോക്താക്കളിലേക്ക് എത്തുന്നത്. ഡെനിം വേരിയന്റിന് രൂപ 2,39,500 രൂപ വിവിഡിന് 2,59,500 രൂപ, എസ് മോഡലിന് 2,79,500 രൂപയുമാണ് വില വരുന്നത്. പുതിയ ബുക്കിംഗ് വിൻഡോ ഒക്ടോബർ 16 ന് ആരംഭിക്കുന്നതോടെ എല്ലാ ഹാർലിഡേവിഡ്സൺ ഡീലർഷിപ്പുകളിലും തെരഞ്ഞെടുക്കപ്പെട്ട ഏതാനും ഹീറോ മോട്ടോകോർപ്പ് ഔട്ട് ലെറ്റുകളിലുടെയും ഓൺലൈനായും ഹാർലിഡേവിഡ്സൺ എക്സ് 440 ബുക്ക് ചെയ്യാൻ സാധിക്കും. നിലവിൽ ഹീറോ മോട്ടോകോർപ്പിന്റെ രാജ്സ്ഥാനിലെ നീംറാണയിലുള്ള ഗാർഡൻ ഫാക്ടറി ഉൽപ്പാദന കേന്ദ്രത്തിലാണ് വാഹനത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നത്.

സെപ്റ്റംബർ 1 മുതൽ തന്നെ മുൻ കൂട്ടിയുള്ള ബുക്കിംഗ് ആരംഭിച്ച കമ്പനി ഉപഭോക്താക്കൾക്ക് വേണ്ടി ടെസ്റ്റ് റൈഡുകളും സംഘടിപ്പിച്ചിരുന്നു. ഈ വർഷം ജൂലൈയിൽ അവതരിപ്പിച്ചതുമുതൽ തന്നെ ഇന്ത്യയിലുടനീളമുള്ള പ്രീമിയം മേഖലയിലെ ഉപഭോക്താക്കളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഹാർലിഡേവിഡ്സൺ എക്സ് 440ന് ഒരു മാസത്തിനുള്ളിൽ തന്നെ 25,000 ബുക്കിംഗുകളാണ് നേടിയെടുത്തത്. രാജ്യത്തുടനീളം ആവേശമുണർത്തി കൊണ്ടിരിക്കുന്ന ഹാർലിഡേവിഡ്സൺ എക്സ് 440യുടെ ഉൽപ്പാദനം നീംറാണ കേന്ദ്രത്തിൽ പുരോഗമിക്കുമ്പോൾ തന്നെ അത് മുൻ കൂട്ടി ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക് ടെസ്റ്റ് റൈഡ് ചെയ്യുവാനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഹീറോ മോട്ടോകോർപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ) ശ്രീ നിരഞ്ജൻ ഗുപ്ത പറഞ്ഞു. ഹാർലിഡേവിഡ്സൺ എക്സ് 440 നവരാത്രിയുടെ ആദ്യ ദിനത്തിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിലൂടെ ഉത്സവാന്തരീക്ഷത്തിന്റെ മാറ്റുകൂട്ടാൻ കമ്പനി തയാറെടുക്കുകയാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇനാക്കൂസ്ഐഐടി ഡൽഹി എസ്ഐബി ഫിനത്തോൺ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്കും ഇനാക്കൂസ്ഐഐടി ഡൽഹിയും ചേർന്ന് സംഘടിപ്പിക്കുന്ന ഹാക്കത്തോൺ മത്സരം എസ്ഐബി ഫിനത്തോണിൽ പങ്കെടുക്കാൻ അപേക്ഷ ക്ഷണിച്ചു. ഐഐടി വിദ്യാർത്ഥികൾ, എഞ്ചിനീയറിങ് വിദഗ്ധർ, ടെക്നോളജി തൽപ്പരർ തുടങ്ങി ഏതു മേഖലകളിൽ നിന്നുള്ളവർക്കും പങ്കെടുക്കാം. 18 വയസ്സ് തികഞ്ഞിരിക്കണം. ഗെയ്മിഫിക്കേഷൻ, വെർചൽ ബ്രാഞ്ച്, ഹൈപ്പർ പേഴ്സനലൈസേഷൻ ഓഫ് മൊബൈൽ ആപ്പ് എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് എസ്ഐബി ഫിനത്തോൺ പ്രോഗ്രാമിങ് മത്സരം അരങ്ങേറുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 10.

ഓൺലൈൻ സ്ക്രീനിങ് ആന്റ് ഷോർട്ട്ലിസിറ്റിങ് റൗണ്ട്, ഗ്രാൻഡ് ഫിനാലെ എന്നീ രണ്ടു ഘട്ടങ്ങളിലായാണ് ഹാക്കത്തോൺ നടക്കുക. എൻട്രികൾ വിദഗ്ധരടങ്ങുന്ന സമിതി വിലയിരുത്തിയ ശേഷം, ഏറ്റവും നൂതനവും ആകർഷകവുമായ സാങ്കേതികവിദ്യ അവതരിപ്പിക്കുന്ന മികവുറ്റ 15 ടീമുകൾക്ക് ഐഐടി ഡൽഹിയിൽ നടക്കുന്നു ക്യാംപിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ഈ ക്യാംപിൽ ഐഐടി ഡൽഹി ഫാക്കൽറ്റിയുടേയും സൗത്ത് ഇന്ത്യൻ ബാങ്കിന്റേയും ഹാക്കത്തോൺ പങ്കാളികളായ മൈൻഡ്ഗേറ്റ് സൊലൂഷൻസ്, വൺകാർഡ്, ഓസ്ട്ര എന്നിവിടങ്ങളിൽ നിന്നുമുള്ള വിദഗ്ധരുടേയും ഗൈഡൻസും മെന്റർഷിപ്പും ലഭിക്കും. നവംബർ 4, 5 തീയതികളിൽ ഡൽഹി ഐഐടി ക്യാമ്പസിലാണ് ഗ്രാൻഡ് ഫിനാലെ അരങ്ങേറുക. മത്സരത്തിൽ മുന്നിലെത്തുന്ന മൂന്ന് ടീമുകൾക്കുമായി ആകെ ആറ് ലക്ഷം രൂപ പാരിതോഷികം ലഭിക്കും.

സൗത്ത് ഇന്ത്യൻ ബാങ്കുമായുള്ള സഹകരണം ഇനാക്കൂസ്ഐഐടി ഡൽഹിക്ക് മികച്ച അനുഭവമായിരിക്കുമെന്ന് ഐഐടി ഡൽഹി കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സുബോധ് ശർമ പറഞ്ഞു. ഈ പങ്കാളിത്തത്തിലൂടെ ബാങ്കിന്റെ പുരോഗമന കാഴ്ച്ചപ്പാടും യുവ പ്രതിഭകളുടെ അതിരുകളില്ലാത്ത ക്രിയാത്മകതയും സംയോജിക്കുകയാണ്. പരിധികൾക്കപ്പുറത്തേക്ക് ചിന്തിക്കാൻ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്ന ഈ ഹാക്കത്തോൺ അവരുടെ പ്രതിഭ തെളിയിക്കാൻ മികച്ച വേദിയാകും. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹായത്തോടെ ബാങ്കിങ്ങിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന നൂതനാശയങ്ങൾ ഈ വേദിയിലൂടെ പുറത്തുവരുമെന്ന് പ്രത്യാശിക്കുന്നുവെന്നും പ്രൊഫസർ സുബോധ് ശർമ പറഞ്ഞു. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും https://southindianbank.com/finathon/ എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

## പുതിയ അക്ഷയകേന്ദ്രത്തിന് അപേക്ഷ ക്ഷണിച്ചു

**പത്തനംതിട്ട:** ജില്ലയിൽ ഒഴിവുള്ള നാലു ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്ഥലങ്ങളുടെ പേര് ചുവടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് ബ്രായ്ക്കറ്റിൽ. കരിയിലമുക്ക് ജംഗ്ഷൻ (കോയിപ്രം), ചേർതോട് ജംഗ്ഷൻ (മല്ലപ്പള്ളി), മഞ്ഞാടി ജംഗ്ഷൻ (തിരുവല്ല നഗരസഭ), പാലച്ചുവട് ജംഗ്ഷൻ (റാന്നി) എന്നീ ലൊക്കേഷനുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. സാമൂഹ്യ പ്രതിബദ്ധതയും സംരംഭകത്വ ശേഷിയുമുള്ള പ്ലസ് ടു /പ്രീഡിഗ്രി യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള 18 മുതൽ 50വയസ് വരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം http://akshayaexam.kerala.gov.in/aes/registration എന്ന ലിങ്കിലൂടെയും akshaya.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും ഒക്ടോബർ 20 വരെ അപേക്ഷിക്കാം. ഓൺലൈനിലൂടെ ഡയറക്ടർ അക്ഷയ, തിരുവനന്തപുരം എന്ന പേരിൽ മാറാവുന്ന 750 രൂപയുടെ ഡി.ഡി സഹിതം അപേക്ഷിക്കണം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ഡിഡിയും ഒക്ടോബർ 28 ന് വൈകിട്ട് അഞ്ചിനകം പത്തനംതിട്ട ഹെലൻ പാർക്കിൽ പ്രവർത്തിക്കുന്ന അക്ഷയ ജില്ലാ പ്രൊജക്ട് ഓഫീസിൽ (ജില്ലാ പ്രൊജക്ട് മാനേജർ, അക്ഷയ ജില്ലാ ഓഫീസ്, ഹെലൻ പാർക്ക്,പത്തനംതിട്ട689645) തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കണം. ഫോൺ: 0468 2322706.

## ആയുഷ് സ്ഥാപനങ്ങൾ എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക്

**കോഴിക്കോട്:** ജില്ലയിലെ ആയുഷ് സ്ഥാപനങ്ങളിൽ എൻ എ ബി എച്ച് നിലവാരം നടപ്പിലാക്കുന്നത് സംബന്ധിച്ച അവലോകനയോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ ചേർന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ എ ഗീത മുഖ്യപ്രഭാഷണം നടത്തി. ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ബി സജിനി ക്ലാസ് നയിച്ചു. ദേശീയ ആയുഷ് മിഷൻ ജില്ല പ്രോഗ്രാം മാനേജർ ഡോക്ടർ അനിന പി ത്യാഗരാജ്, ആയുർവേദ ജില്ല മെഡിക്കൽ ഓഫീസർ ഡോക്ടർ ജെസ്സി പി സി, ഹോമിയോപ്പതി വകുപ്പ് ജില്ല മെഡിക്കൽ ഓഫീസർ കവിത പുരുഷോത്തമൻ എന്നിവർ സംസാരിച്ചു.

ജില്ലയിലെ 10 ആയുഷ് സ്ഥാപനങ്ങളിലാണ് എൻ എ ബി എച്ച് നിലവാരം നടപ്പിലാക്കുന്നത്. അരിക്കുളം, കുരുവട്ടൂർ, ഫറോക്ക്, വെള്ളന്നൂർ, കട്ടിപ്പാറ എന്നീ ആയുർവേദ സ്ഥാപനങ്ങളും ചെറുവണ്ണൂർ, തൂണേരി, നന്മണ്ട, കോക്കല്ലൂർ, കട്ടിപ്പാറ തുടങ്ങിയ ഹോമിയോപ്പതി സ്ഥാപനങ്ങളും എൻ എ ബി എച്ച് നിലവാരത്തിലേക്ക് ഉയർത്തും. ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ വന്നതോടെ വലിയ മാറ്റങ്ങൾ ആരോഗ്യ മേഖലയിൽ ഉണ്ടായിട്ടുള്ളതായി യോഗം വിലയിരുത്തി. ദേശീയ ആയുഷ് മിഷന്റെ സഹായത്തോടെ വെൽനെസ് സെന്ററുകളിൽ യോഗ പരിശീലനം, വിവിധ പരിശീലന പദ്ധതികൾ, ആയുഷ് ചികിത്സാരീതികളിലൂടെ പ്രാഥമിക പ്രതിരോധത്തിനുള്ള സാധ്യതകൾ നടപ്പിലാക്കുന്നതിന് ആശാ വർക്കർമാർക്ക് പരിശീലന പരിപാടികൾ എന്നിവയാണ് നടപ്പിലാക്കിയത്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ദേശീയ ആയുഷ് മിഷനിലൂടെ കമ്മ്യൂണിറ്റി ഹെൽത്ത് ഓഫീസർമാർക്ക് ലാപടോപ്പ്, ആശാ വർക്കർമാർക്ക് ടാബ്, മൾട്ടിപർപ്പസ് വർക്കർ എന്നിവയും നൽകിയിട്ടുണ്ട്. ജീവിതശൈലിരോഗങ്ങളുടെ പ്രതിരോധം, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, വയോജന ആരോഗ്യ സംരക്ഷണം, പ്രത്യുൽപാദന ആരോഗ്യ സംരക്ഷണം എന്നീ മേഖലയിലാണ് ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ ഊന്നൽ നൽകുന്നത്. ഇന്ത്യയിൽ മുഴുവനായി 12500 ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാണ് ആയുഷ് മന്ത്രാലയം സ്ഥാപിച്ചത്.

## വിദ്യാലയങ്ങളിൽ എനർജി ക്ലബ്ബുകൾ രൂപീകരിക്കുന്നു

**തിരുവനന്തപുരം:** വിദ്യാർഥികളിൽ ഊർജ സംരക്ഷണ ശീലം വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ എനർജി ക്ലബ്ബ് കേരള എന്ന പേരിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി നിർവഹിച്ചു. കുട്ടികളിൽ ഊർജപരിസ്ഥിതി അവബോധം വളർത്തുന്നതിന് ഇത്തരം ക്ലബ്ബുകൾ സഹായകമാകുമെന്നു മന്ത്രി പറഞ്ഞു. ഊർജ സംരക്ഷണത്തെക്കുറിച്ചും പ്രകൃതിയോടിണങ്ങുന്ന ഊർജ സാങ്കേതികവിദ്യകളെക്കുറിച്ചും വിദ്യാർഥികളിൽ അവബോധം സൃഷ്ടിച്ചുകൊണ്ട്, ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഊർജ വിഭവങ്ങളെ വിവേകത്തോടെ ഉപയോഗിക്കുന്ന യുവതലമുറയെ വാർത്തെടുക്കാനാണ് ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. എനർജി ക്ലബ്ബ് ലോഗോ, 2023 24 ലെ എനർജി ക്ലബ്ബ് പ്രവർത്തന പരിപാടികളുടെ സംഗ്രഹം എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്തു.

വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ശാസ്ത്രരംഗം പരിപാടിയുടെ കോഓർഡിനേറ്റർമാരായ അധ്യാപകരാണ് എനർജി ക്ലബ്ബുകളുടെ കോ ഓർഡിനേറ്റർമാരായും പ്രവർത്തിക്കുക. കേരളത്തിലെ 113 വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നു അധ്യാപകർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു. ഇ. എം. സി. ഡയറക്ടർ ഡോഃ ആർ. ഹരികുമാർ, റജിസ്ട്രാർ സുബാഷ് ബാബു ബി.വി, എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## സ്പെക്ട്രം ജോബ് ഫെയർ ജില്ലാ തൊഴിൽ മേള ഇന്ന്

**ഇടുക്കി:** സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്പെക്ട്രം ജോബ് ഫെയർ 202324 ന്റെ ഭാഗമായുള്ള ഇടുക്കി ജില്ലയിലെ തൊഴിൽ മേള കട്ടപ്പന ഐടിഐയിൽ ഇന്ന് (5) രാവിലെ 9.30 യ്ക്ക് നടക്കും. തൊഴിൽ മേളയുടെ ഉദ്ഘാടനം കട്ടപ്പന നഗരസഭ അധ്യക്ഷ ഷൈനി സണ്ണി ചെറിയാൻ നിർവഹിക്കും. വാർഡ് കൗൺസിലർ ഷാജി കൂത്തോടിയിൽ അധ്യക്ഷത വഹിക്കും. കേരളത്തിനകത്തും പുറത്തും രജിസ്റ്റർ ചെയ്തിട്ടുള്ള 25 കമ്പനികളിലേക്ക് ഐടിഐ വിജയിച്ച ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04868 272216, 9633419747.

# പട്ടിക വിഭാഗം വിദ്യാർഥികൾക്കു ജർമനിയിൽ നഴ്സിങ് പഠനമൊരുക്കും

**തിരുവനന്തപുരം:** പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളെ ജർമനിയിൽ നഴ്സിങ് പഠനത്തിന് അയക്കുന്ന പുതിയ പദ്ധതി ആവിഷ്കരിക്കുമെന്നു പട്ടിക ജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ. പഠനത്തിനു ശേഷം 55 ലക്ഷം രൂപ വരെ വാർഷിക വരുമാനത്തിൽ ഇവർക്കു ജർമനിയിൽ നഴ്സായി ജോലി ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. പട്ടികജാതി, പട്ടിക വർഗ പിന്നാക്ക വികസന വകുപ്പുകൾ സർക്കാർ ഏജൻസിയായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റുമായി (ഒഡെപെക്) ചേർന്നു നടപ്പാക്കുന്ന ഉന്നതി സ്കോളർഷിപ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും വെബ്സൈറ്റ് ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജർമനയിൽ ബി.എസ്.സി നഴ്സിങ് പഠിക്കാൻ കഴിഞ്ഞാൽ അവിടെ ത്തന്നെ ഉയർന്ന ശമ്പളത്തിൽ നഴ്സായി ജോലി ചെയ്യാൻ കഴിയുമെന്നതു മുന്നിൽക്കണ്ടാണു പട്ടിക വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട വിദ്യാർഥികൾക്ക് ഇതിനുള്ള അവസരമൊരുക്കാൻ സർക്കാർ മുൻകൈയെടുക്കുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഏകദേശം 35 ലക്ഷം രൂപയാണു ഫീസ് ഇനത്തിൽ വേണ്ടിവരുന്നത്. ഈ തുക പലിശയില്ലാതെയോ ചെറിയ പലിശയ്ക്കോ വായ്പയായി നൽകാൻ പട്ടിക ജാതി, പട്ടിക വർഗ കോർപ്പറേഷൻ തയാറായാൽ നിരവധി വിദ്യാർഥികൾക്കു ജർമനിയിൽ നഴ്സിങ് പഠനത്തിന് അവസരമൊരുങ്ങും. അവിടുത്തെ ശമ്പളം വച്ചു നോക്കിയാൽ ഒരു വർഷംകൊണ്ടുതന്നെ ഈ വായ്പ തിരിച്ചടയ്ക്കാൻ കഴിയുമെന്നും വിദ്യാർഥികൾക്കു ശോഭനമായ ജീവിതസാഹചര്യം സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടിക വിഭാഗത്തിൽപ്പെടുന്ന 425 പേരെ തെരഞ്ഞെടുത്തു വിദേശ സർവകലാശാലകളിൽ പഠനത്തിന് അയച്ചതായി മന്ത്രി ചൂണ്ടിക്കാട്ടി. ഈ വർഷം 310 പേർക്കു കൂടി വിദേശ പഠന സൗകര്യമൊരുക്കുന്നുണ്ട്. ഓരോ വർഷവും മുന്നൂറിലേറെ വിദ്യാർഥികൾക്കു വിദേശ പഠനമൊരുക്കുകയാണു ലക്ഷ്യം. ആഗോള റാങ്കിങ്ങിൽ അഞ്ഞൂറിനുള്ളിൽ വരുന്ന മികച്ച സർവകലാശാലകളിലേക്കാണ് ഇവരെ പഠനത്തിനായി അയക്കുന്നത്.

വിദേശത്തു പഠിക്കുമ്പോൾ വിദ്യാർഥികൾക്കും രക്ഷകർത്താക്കൾക്കുമുണ്ടാകുന്ന ആശങ്ക പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഒഡെപെകുമായി സഹകരിച്ച് ഉന്നതി സ്കോളർഷിപ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി പഠനത്തിനായി വിദേശത്തേക്കു പോകുന്ന വിദ്യാർഥി വിമാനത്താവളത്തിൽ എത്തുമ്പോൾത്തന്നെ ഒഡെപെക് ഉദ്യോഗസ്ഥർ സ്വീകരിക്കുകയും ബന്ധപ്പെട്ട സ്ഥലങ്ങളിൽ സുരക്ഷിതമായി എത്തിക്കുകയും ചെയ്യും. പഠനകാലയളവിൽ പ്രശ്നങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ഒഡെപെകിനെ ബന്ധപ്പെടാം. വിദേശ പഠനത്തിന് വിദ്യാർഥികളെ അയക്കുക മാത്രമല്ല, പഠനകാലയളവിലുടനീളം അവർക്കു സംരക്ഷണം നൽകുകയെന്ന കടമകൂടി സർക്കാർ നിർവഹിക്കുകയാണ് മന്ത്രി പറഞ്ഞു. വിദേശ പഠന സ്കോളർഷിപ്പ് ലഭിക്കുന്നതിനായി www.odepc.net/unnathi എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. യോഗ്യത സംബന്ധിച്ച വിവരങ്ങൾ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകളുടെ ഓഫിസിൽ ലഭിക്കും.

തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ ഒഡെപെക് ചെയർമാൻ കെ.പി. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, പട്ടികജാതി, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, കൊളീജിയറ്റ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. സുധീർ, ഒഡെപെക് മാനേജിങ് ഡയറക്ടർ കെ.എ. അനൂപ് തുടങ്ങിയവർ പങ്കെടുത്തു.

# തമിഴ്നാട് ശ്രീലങ്ക ഫെറി സർവീസിനുള്ള കപ്പൽ വിഴിഞ്ഞത്ത്

**വിഴിഞ്ഞം:** തമിഴ്നാട്ടിൽ നിന്നു ശ്രീലങ്കയിലേക്ക് വൈകാതെ ആരംഭിക്കുന്ന ഫെറി സർവീസിനുള്ള കപ്പൽ വിഴിഞ്ഞത്ത്. ശ്രീലങ്കയിലേക്ക് ട്രയൽ റണ്ണിനായി കൊച്ചിയിൽ നിന്നു പുറപ്പെട്ട ഹൈ സ്പീഡ് പാസഞ്ചർ കപ്പൽ ചെറിയപാനി മോശം കാലാവസ്ഥയെ തുടർന്നാണ് ഇന്നലെ വൈകിട്ടോടെ വിഴിഞ്ഞം പഴയ വാർഫിൽ അടുപ്പിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദി ഈയിടെ പ്രഖ്യാപിച്ച തമിഴ് നാട് നാഗപട്ടണം ശ്രീലങ്ക ട്രിങ്കോമാലി ഫെറി സർവീസിനോടനുബന്ധിച്ച പരീക്ഷണ യാത്രയ്ക്കായാണ് ഷിപ്പിങ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ കപ്പൽ തിരിച്ചത്.

ക്ഷോഭിച്ച കടലുൾപ്പെടെ മോശം കാലാവസ്ഥ കാരണം യാത്രാ മധ്യേ വിഴിഞ്ഞത്ത് അടിയന്തരമായി വിഴിഞ്ഞം തുറമുഖത്ത് അടുപ്പിക്കുകയായിരുന്നു. യാത്രക്കാരില്ലാത്ത കപ്പലിൽ ഇന്ത്യക്കാരായ 14 ക്രൂ(ജീവനക്കാർ) ഉണ്ട്. 34.91 മീറ്റർ നീളവും 9.61 മീറ്റർ വീതിയുമുണ്ട്. കേന്ദ്ര അറിയിപ്പിനെ തുടർന്ന് തുറമുഖത്ത് കപ്പൽ അടുപ്പിക്കുന്നതിന് സൗകര്യങ്ങൾ സജ്ജമാക്കിയിരുന്നതായി പോർട്ട് പർസർ എസ്.വിനുലാൽ, അസി. പോർട്ട് കൺസർവേറ്റർ എം.എസ്.അജീഷ് എന്നിവർ അറിയിച്ചു. കപ്പൽ പുലർച്ചെ ശ്രീലങ്കയിലേക്ക് യാത്ര തിരിക്കും.

രാജ്യാന്തര തുറമുഖത്ത് ക്രെയിനുകളുമായി ആദ്യ കപ്പൽ എത്താൻ ദിവസങ്ങൾ മാത്രം., കപ്പലിനെ ബെർത്തിലേക്ക് അടുപ്പിക്കുന്നതിനുള്ള അനുബന്ധ ജോലികൾക്കുള്ള 4 ഡോൾഫിൻ ടഗുകളിൽ രണ്ടാമത്തേത്ഡോൾഫിൻ27 ഇന്നലെ വൈകിട്ട് വിഴിഞ്ഞത്ത് പുതിയ വർഫിൽ എത്തി. മൂന്നാമത്തെ ഡോൾഫിൻ 35 ഇന്നും നാലാമത്തേത് അടുത്ത ദിവസവും വിഴിഞ്ഞത്ത് അടുക്കും. ആദ്യ ടഗ് ഡോൾഫിൻ 12 ഏതാനും മാസം മുൻപ് വിഴിഞ്ഞത്ത് എത്തിയിരുന്നു.

ക്രെയിനുകളെയും വഹിച്ച് 15ന് തുറമുഖത്ത് അടുക്കുന്ന ഷെൻഹുവ15 എന്ന കപ്പലിനെ ബെർത്തിലേക്ക് അടുപ്പിക്കുന്ന പ്രധാന ടഗ് ഓഷ്യൻ സ്പിരിറ്റ് നേരത്തെ എത്തിയിരുന്നു. അതിനിടെ മുംദ്ര തുറമുഖത്തുള്ള ഷെൻഹുവയിൽ നിന്നു അവിടേക്കുള്ള രണ്ടു ഷോർ ടു ഷിപ് ക്രെയിനുകൾ ഇറക്കുന്ന ജോലിക്ക് കഴിഞ്ഞ ദിവസം തുടക്കമായി. ഇതു പൂർത്തിയാകുന്ന മുറക്ക് വൈകാതെ കപ്പൽ വിഴിഞ്ഞത്തേക്ക് തിരിക്കും എന്നാണ് സൂചന.

# എച്ച്.എം.ടി ജംഗ്ഷൻ വികസനം: നടപടികൾ വേഗത്തിലാക്കണമെന്ന് മന്ത്രി പി.രാജീവ്

**കളമശ്ശേരി:** എച്ച്.എം.ടി ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർദേശിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ആൻഡ് റിസർച്ച് സെന്ററിൽ ചേർന്ന യോഗത്തിലാണ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്.



എച്ച്.എം.ടി ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബസ് സ്റ്റോപ്പുകൾ പുനക്രമീകരിക്കണം. നിലവിൽ ഗതാഗത കുരുക്ക് ഉണ്ടാകുന്ന അപ്പോളോ ജംഗ്ഷനിലെ ബസ് സ്റ്റോപ്പ് ഉൾപ്പെടെയുള്ളത് പുന ക്രമീകരിക്കാൻ ദേശീയ പാത അതോറിറ്റി, പോലീസ് എന്നിവർക്ക് നിർദ്ദേശം നൽകി.

എച്ച്.എം.ടി ജംഗ്ഷനിൽ സ്ഥിരമായി കേടുപാടുകൾ സംഭവിക്കുന്ന റോഡുകളിൽ ശാശ്വത പരിഹാരത്തിന് നടപടികൾ സ്വീകരിക്കാൻ പിഡബ്ല്യുഡിക്ക് നിർദ്ദേശം നൽകി. സ്ഥിരമായി കേടുപാടുകൾ സംഭവിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി 15 ദിവസത്തിനുള്ളിൽ പരിഹരിക്കാമെന്ന് പിഡബ്ല്യുഡി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

എച്ച്.എം.ടി ജംഗ്ഷൻ, മെഡിക്കൽ കോളേജ് റോഡിൽനിന്ന് കാക്കനാട് ഭാഗത്തേക്ക് തിരിയുന്ന ഭാഗം വരെ 13 ക്രോസിങ്ങുകളാണ് നിലവിലുള്ളത്. ഈ ക്രോസിങ്ങുകളുടെ എണ്ണം കുറച്ച് മീഡിയൻ ഭംഗിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ആര്യാസ് ജംഗ്ഷനിലെ സിഗ്നലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഗതാഗത തടസ്സം കൂടുതലുള്ള സമയങ്ങളിൽ മാനുവലായി ട്രാഫിക് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ജംഗ്ഷനിലെ ഓട്ടോറിക്ഷകളുടെ പാർക്കിംഗ് രണ്ട് ലൈനുകളായി നിയന്ത്രിക്കണം. കൂടാതെ മറ്റു വാഹനങ്ങൾ ജംഗ്ഷനിൽ അനധികൃതമായി പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. സെന്റ് പോൾസ് സ്കൂൾ, മറ്റു വിദ്യാലയങ്ങൾ എന്നിവിടങ്ങളിലേക്ക് വരുന്ന വാഹനങ്ങൾ സ്കൂൾ പരിസരത്ത് മാത്രം പാർക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. വിദ്യാലയങ്ങളിലേക്ക് വരുന്ന വാഹനങ്ങൾ അനധികൃതമായി റോഡിലും മറ്റും പാർക്ക് ചെയ്യുന്നത് തടയണം. ഇതിനായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെയും സ്കൂൾ അധികൃതരുടെയും യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽ എല്ലാ ഭാഗങ്ങളിലും ക്യാമറ സംവിധാനം ഏർപ്പെടുത്തണം. വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കാനകളിലടിഞ്ഞുകൂടിയ ചളിയും മാലിന്യവും അതിവേഗത്തിൽ നീക്കം ചെയ്യുന്നതിന് കൊച്ചി കോർപ്പറേഷൻ സക്ഷൻ കം ജെറ്റിങ് യന്ത്രം ലഭ്യമാക്കണം.



# ഹിറ്റായി തൊടുപുഴ കെഎസ്ആർടിസി ബജറ്റ് ടൂറിസം പദ്ധതി

**തൊടുപുഴ:** തൊടുപുഴ കെഎസ്ആർടിസിയുടെ ബജറ്റ് ടൂറിസം പാക്കേജുകൾ വൻ ഹിറ്റ്. 2021ൽ ആരംഭിച്ച ബജറ്റ് ടൂറിസം യാത്ര പാക്കേജുകളിലൂടെ ഇതുവരെ 30,17,105 രൂപയുടെ വരുമാനമാണ് സ്വന്തമാക്കിയത്. 2021 ജൂലൈ 10 ന് തൊടുപുഴയിൽ നിന്നും ഇടുക്കി ഡാം അഞ്ചുരുളി വാഗമൺ സർവീസ് ആരംഭിച്ചതിൽ പിന്നെ തൊടുപുഴ കെഎസ്ആർടിസിക്ക് റിവേഴ്സ് ഗിയർ ഇടേണ്ടി വന്നിട്ടില്ല. ആദ്യ ദിനം 37 യാത്രക്കാരെയും കൂട്ടിയാണ് വണ്ടി സ്റ്റാർട്ട് ചെയ്തത്. തുടർന്ന് ഒട്ടേറെ സാധാരണക്കാരുടെ യാത്രാ സ്വപ്നങ്ങൾക്ക് ചിറകേകി ആകെ 75 യാത്രകൾ. മലക്കപ്പാറ, ചതുരംഗപ്പാറ, ഗവി, വയനാട് എന്നിവിടങ്ങളിലേക്കാണ് തൊടുപുഴയിലെ ആനവണ്ടി സഞ്ചാരികളെയും കൊണ്ട് കൂടുതൽ യാത്രകളും പോയിട്ടുള്ളത്.

കൂടാതെ നെഫർട്ടിറ്റി എന്ന ആഡംബര കപ്പൽ യാത്രയും ബജറ്റ് ടൂറിസം സെൽ നടത്തി വരുന്നുണ്ട്. നിലവിൽ വാഗമൺ, മൂന്നാർ ജംഗിൾ സഫാരി, മൺറോ തുരുത്ത്, ആലപ്പുഴ, പഞ്ചപാണ്ഡവ ക്ഷേത്രം തുടങ്ങി പത്തോളം സ്ഥലങ്ങളിലേക്ക് തൊടുപുഴയിൽ നിന്നും യാത്രകൾ പോകാം. കൂടാതെ പുതിയ മൂന്ന് യാത്രകൾക്കുള്ള അനുമതിക്കായി കത്ത് അയച്ചിട്ടുണ്ടെന്ന് ജില്ലാ കോ ഓർഡിനേറ്റർ എൻ.ആർ. രാജീവ്, യൂണിറ്റ് ഓഫിസർ കെ.പി. രാധാകൃഷ്ണൻ, യൂണിറ്റ് കോ ഓർഡിനേറ്റർ എം.എസ്. വിനുരാജ് എന്നിവർ അറിയിച്ചു. തൊടുപുഴ കെഎസ്ആർടിസിയുടെ ബജറ്റ് ടൂറിസം യാത്രയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് 94002 62204 എന്ന നമ്പറിൽ ബന്ധപ്പെടാം.

# നെല്ല് എത്തുന്നില്ല, വെച്ചൂർ മോഡേൺ റൈസ് മിൽ സ്തംഭനാവസ്ഥയിൽ




**വൈക്കം:** വേണ്ടത്ര നെല്ലു സംഭരിക്കാത്തതിനെത്തുടർന്ന്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ വെച്ചൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ. 3 മാസമായി വല്ലപ്പോഴും മാത്രമാണു മിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്നു നെല്ലു മതിയായ അളവിൽ സംഭരിക്കാതിരുന്നതാണു പ്രതിസന്ധി രൂക്ഷമാക്കിയത്.

അറ്റകുറ്റപ്പണി നടക്കുന്നതിനാലാണു പ്രവർത്തനം മന്ദഗതിയിലായതെന്നാണു മാനേജ്മെന്റിന്റെ വാദം. ഇവിടെ ഉൽപാദിപ്പിച്ചിരുന്ന കുട്ടനാട് റൈസ് ഉണ്ടയരി ഇപ്പോൾ വിപണിയിൽ ലഭ്യമല്ല. പകരം പാലക്കാട് നിന്നു കൊണ്ടുവരുന്ന വടിയരിയാണ് വിപണിയിൽ. ബോയ്‌ലർ അറ്റകുറ്റപ്പണി നടക്കുന്നുണ്ട്. അപ്പർകുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ നിന്നാണ് മില്ലിലേക്കു നെല്ല് സംഭരിച്ചിരുന്നത്. അപ്പർകുട്ടനാട്ടിൽ നിന്ന് ആവശ്യത്തിനു നെല്ലു കിട്ടാറില്ലെന്നും കുറച്ചു പാടശേഖരങ്ങൾ മാത്രമേ നെല്ലു തരാറുള്ളുവെന്നും അധികൃതർ പറയുന്നു. ഇവിടത്തെ കർഷകർ കൂടുതലും സ്വകാര്യ മില്ലുടമകൾക്കാണ് നൽകുന്നത്. പാലക്കാട്ട് കൊയ്ത്ത് ആരംഭിക്കുന്നതേയുള്ളൂ. അതിനാലാണു നെല്ലു വരാത്തതെന്നും കൊയ്ത്തു കഴിയുന്നതോടെ പ്രതിസന്ധിക്കു പരിഹാരമാകുമെന്നും കമ്പനി അവകാശപ്പെടുന്നു. വിവിധ യൂണിയനുകളിലെ 13 ചുമട്ടുതൊഴിലാളികളാണ് ഇവിടെയുള്ളത്. ലോഡ് വരാത്തതിനാൽ ഇവർക്കു തൊഴിലില്ല ദൈനംദിന ചെലവിനുള്ള പണം കണ്ടെത്താൻ കഴിയുന്നില്ലെന്നും സ്വകാര്യ മില്ലുടമകളെ സഹായിക്കാൻ റൈസ് മില്ലിലെ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുകയാണെന്നും യൂണിയനുകൾ ആരോപിക്കുന്നു.

2012 മേയിലാണു മിൽ പ്രവർത്തനം ആരംഭിച്ചത്. 5000 മെട്രിക് ടൺ നെല്ലു സംഭരിക്കാനുള്ള ശേഷിയുണ്ട്. 5 വർഷമായി കോടികളുടെ നഷ്ടത്തിലാണ്. 2500 ടൺ നെല്ലു സംഭരിക്കാനുള്ള കരാറായെന്നും ഇതോടെ പ്രതിസന്ധിക്കു താൽക്കാലിക പരിഹാരമാകുമെന്നും അധികൃതർ പറയുന്നു.

# ജിദ്ദയെ ലോക വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാൻ പുതിയ കമ്പനിയുമായി സൗദി



**ജിദ്ദ:** ജിദ്ദയുടെ പുരാതന പൈതൃകവും സമ്പന്നമായ സംസ്കാരവും അടിസ്ഥാനമാക്കി ലോക വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാൻ ഹിസ്റ്റോറിക് ജിദ്ദ ഏരിയ (ബലദ്) യുടെ വികസനത്തിന് ബലദ് ഡെവലപ്മെന്റ് കമ്പനി എന്ന പേരിൽ പുതിയ കമ്പനി സ്ഥാപിച്ചതായി സൗദി പബ്ലിക് ഇൻവെസ്റ്റ്മെന്റ് ഫണ്ട് അറിയിച്ചു. വിഷൻ 2030 ലക്ഷ്യങ്ങൾക്കനുസൃതമായി ജിദ്ദയെ ലോക വിനോദ സഞ്ചാര കേന്ദ്രമാക്കി പരിവർത്തിപ്പിക്കാനാണ് ശ്രമം. ബലദിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ചരിത്രപ്രാധാന്യമുള്ള പുരാതന കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് മേൽനോട്ടം വഹിക്കൽ, സേവന സൗകര്യങ്ങളും വിനോദ, പാർപ്പിട, വാണിജ്യ, ഹോട്ടൽ, ഓഫീസ് ഇടങ്ങളും വികസിപ്പിക്കൽ എന്നിവയിൽ ഊന്നിയാണ് കമ്പനി പ്രവർത്തിക്കുക.

സാമ്പത്തിക കേന്ദ്രവും ആഗോള സാംസ്കാരിക, പൈതൃക കേന്ദ്രവും എന്നോണം ഹിസ്റ്റോറിക് ജിദ്ദ ഏരിയ വികസിപ്പിക്കാൻ കിരീടാവകാശിയുടെ നേതൃത്വത്തിൽ നടത്തുന്ന നിരന്തര ശ്രമങ്ങളുടെ ഭാഗമായാണ് കമ്പനി സ്ഥാപിച്ചത്.

ആകെ 25 ലക്ഷം ചതുരശ്രമീറ്റർ വിസ്തൃതിയുള്ള സ്ഥലത്താണ് ബലദ് ഡെവലപ്മെന്റ് കമ്പനി വികസന പദ്ധതി നടപ്പാക്കുക. 9,300 പാർപ്പിട യൂനിറ്റുകളും 1,800 ഹോട്ടൽ യൂനിറ്റുകളും 13 ലക്ഷം ചതുരശ്രമീറ്റർ വിസ്തൃതിയിൽ വാണിജ്യ, ഓഫീസ് ഏരിയകളും അടക്കം ആകെ നിർമാണ വിസ്തീർണം 37 ലക്ഷം ചതുരശ്രമീറ്ററായിരിക്കും.



# ഉത്തരകാശിയേയും ദക്ഷിണ കാശിയേയും ബന്ധിപ്പിച്ച് ഗോവ ടൂറിസം പദ്ധതി

**കൊച്ചി:** ഗോവയെ സ്പിരിചൽ ടൂറിസം കേന്ദ്രമാക്കുന്നതിന് വിപുലമായ പദ്ധതികളുമായി ഗോവ ടൂറിസം വകുപ്പ്. ഉത്തരകാശിയേയും ദക്ഷിണ കാശിയേയും ബന്ധിപ്പിക്കുന്ന പ്രധാന കേന്ദ്രമായി ഗോവയെ മാറ്റുകയാണ് ലക്ഷ്യം. ഉത്തരാഖണ്ഡ്, ഡെറാഡൂൺ, നാഗ്പൂർ, ഗുവാഹത്തി എന്നിവിടങ്ങളിലേക്ക് മോപ വിമാനത്താവളത്തിൽ നിന്ന് നേരിട്ടുള്ള വിമാന സർവീസുകൾ ഈ രണ്ട് പ്രധാന ആത്മീയ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കുകയും ഗോവയിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുമെന്ന് ഗോവ ടൂറിസം മന്ത്രി രോഹൻ എ ഖവുന്തെ പറഞ്ഞു. ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഉന്നതാധികാര സമിതിയുടെ 11 ാം യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം. ടൂറിസം വ്യവസായ രംഗത്തുള്ള എല്ലാവരേയും ഒരുമിപ്പിക്കുന്ന ഒരു സമ്മേളനം ഈ മാസം വിളിച്ചു ചേർക്കുമെന്നും മന്ത്രി അറിയിച്ചു. ആത്മീയ യാത്ര, യോഗ, വെൽനസ്, മറ്റു സ്പിരിചൽ അനുഭവങ്ങൾ എന്നിവയെ കൂടുതൽ പ്രചരിപ്പിക്കുന്നതിനാണ് നടപടികൾ.

സ്പിരിചൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതനായി ഈ രംഗത്തെ പ്രമുഖരായ ടെമ്പിൾ കണക്റ്റുമായി സംസ്ഥാന സർക്കാർ ധാരണാ പത്രവും ഒപ്പുവച്ചു. വരാനിരിക്കുന്ന ശിവ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ആറു നഗരങ്ങളിൽ ഉത്സവങ്ങൾ സംഘടിപ്പിക്കും. ഗോവയുടെ സമ്പന്ന സാംസ്കാരിക പാരമ്പര്യം ഈ ഉത്സവങ്ങളിൽ സഞ്ചാരികൾക്കായി പ്രദർശിപ്പിക്കും. കൂടാതെ സ്പോർട്സ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

